بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 22

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 മെയ് 28/ഹി.ശം. 1399 ഹിജ്റത്ത് 28/1441 ശവ്വാൽ 04

## അല്ലാഹുവിന്റെ വചനം

وَاٰتُوا الۡیَتٰمٰۤی اَمۡوَالَہُمۡ وَلَا تَتَبَدَّلُوا الۡخَبِیۡثَ بِالطَّیِّبِ ۪ وَلَا تَاۡکُلُوۡۤا اَمۡوَالَہُمۡ اِلٰۤی اَمۡوَالِکُمۡ ؕ اِنَّہٗ کَانَ حُوۡبًا کَبِیۡرًا ○(النساء:3)

'അനാഥർക്ക് അവരുടെ ധനം വിട്ടു കൊടുക്കുക; നിങ്ങൾ നല്ലതിനുപകരം (അനാഥർക്കു വേണ്ടി) ചീത്തയെ എടുക്കരുത്. അവരുടെ ധനം നിങ്ങളുടെ ധനവുമായി കൂട്ടിച്ചേർത്ത് ഭക്ഷിക്കയുമരുത്. നിശ്ചയമായും അതു വലിയ പാപമാണ്.'(4:03)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ആയിരക്കണക്കിനെന്നല്ല, സകല ജോലിയും ദുആകൊണ്ട് പരിഹരിക്കപ്പെടുന്നു.**
**അല്ലാഹുവിന് സർവവസ്തുക്കളുടേയും മേൽ സർവാധികാരമുണ്ടെന്നുള്ള കാര്യം സ്മരണാർഹമാണ്.**
**അവനിച്ഛിക്കുന്നത് അവൻ ചെയ്യുന്നു.**

**ഇതുകണ്ട് എനിക്ക് വലിയ ദുഃഖമാണുള്ളത്. ഇക്കാലത്ത് ആരാധനയോടും ഭയഭക്തിയോടും മതനിഷ്ഠയോടും സ്നേഹമില്ലാതായിരിക്കുന്നു.**
**എത്തരത്തിലുള്ള രുചിയാണോ ആരാധനകളിൽ കിട്ടേണ്ടത്, അതു കിട്ടുന്നില്ല. ദൈവാരാധനയിൽ രുചിയും നിർവൃതിയും കിട്ടാത്താവർ തങ്ങളുടെ രോഗത്തെ കുറിച്ച് ചിന്തിക്കേണ്ടതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### സന്തോഷത്തിന്റേയും വിജയത്തിന്റേയും നേരത്ത് ഭക്തിയോടെ പ്രവൃത്തിക്കുന്നവനാണ് സൗഭാഗ്യവാൻ.

അധികമാളുകളുടേയും അവസ്ഥകൾ ഗ്രന്ഥങ്ങളിൽ എഴുതിയിട്ടുണ്ട്; അവർ ആരംഭത്തിൽ ഭൗതികതയോടു ബന്ധം പുലർത്തിയിരുന്നവരായിരുന്നു. അതിനോടു ശക്തമായ ബന്ധം ഉണ്ടായിരുന്നവരായിരുന്നു. പക്ഷേ, അവർ ഏതോ ഒരു ദുആ ചെയ്യുകയും ആ ദുആ സ്വീകരിക്കപ്പെടുകയും ചെയ്തു. അതോടെ അവരുടെ അവസ്ഥ ആകെ മാറിപ്പോയി. അതുകൊണ്ട് നിങ്ങളുടെ ദുആയുടെ വിജയങ്ങളിലും സ്വീകരണത്തിലും അഭിമാനം കൊള്ളരുത്. പ്രത്യുത അല്ലാഹുവിന്റെ കൃപയേയും കാരുണ്യത്തേയും വിലമതിക്കുക. വിജയത്തിൽ തന്റേടത്തിലും ഉത്സാഹത്തിലും ഒരു പുതിയ ജീവിതം ഉണ്ടാകുന്നുവെന്നത് അടിസ്ഥാന തത്ത്വമാണ്. ആ ജീവിതത്തെ പ്രയോജനപ്പെടുത്തേണ്ടതാണ്. അതുമുഖേന ഈശ്വരീയജ്ഞാനത്തിൽ(മഅ്രിഫത്തിൽ)അഭിവൃദ്ധിപ്പെടേണ്ടതാണ്. കാരണം ഏറ്റവും ഉന്നതമായതും പ്രയോജനപ്പെടുന്നതുമായ കാര്യം ഇതേ ഈശ്വരീയജ്ഞാനമാണ്. ഇത് അല്ലാഹുവിന്റെ ഫള്ലിലും കറമിലും(ദയ) ചിന്തിക്കുന്നതുകൊണ്ടാണുണ്ടാകുന്നത്. അല്ലാഹുവിന്റെ ഫള്ലിനെ ആർക്കും തടയാൻ കഴിയുകയില്ല. ഒരുപാട് ഞെരുക്കങ്ങളും മനുഷ്യനെ നാശത്തിലിടാറുണ്ട്. അതുകൊണ്ടാണ് അൽഫഖ്റു സവാദൽ വജ്ഹി എന്ന് ഹദീഥിൽ വന്നിട്ടുള്ളത്. അത്തരക്കാരെ ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. അവർ തങ്ങളുടെ ജീവിതത്തിലെ ഞെരുക്കങ്ങൾ കാരണത്താൽ നാസ്തികരായിപ്പോയി. എന്നാൽ, മുഅ്മിൻ–സത്യവിശ്വാസി ഏതു ഞെരുക്കമുണ്ടായാലും അല്ലാഹുവിനെ തെറ്റു ധരിക്കുകയില്ല. അത് സ്വന്തം തെറ്റുകളുടെ ഫലമാണെന്ന് കരുതി അവനോടു കരുണയും കൃപയും അഭ്യർഥിക്കുന്നു. ആ കാലം കടന്നുകഴിയുകയും അയാളുടെ ദുആകൾ ഫലംകൊണ്ടുവരികയും ചെയ്യുമ്പോൾ ഈ വിനയന്റെ കാലഘട്ടത്തെ അയാൾ മറക്കുകയില്ല. പ്രത്യുത അത് ഓർമ വെക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ അവനിൽ വിശ്വാസമുണ്ടാകുകയും അല്ലാഹുവുമായുള്ള ജോലി നടക്കുകയും ചെയ്യണമെങ്കിൽ തഖ്‌വാ (ഭയഭക്തി)യുടെ മാർഗം കൈക്കൊള്ളുക. സന്തോഷത്തിന്റേയും വിജയത്തിന്റേയും നേരത്ത് ഭക്തിയോടെ പ്രവൃത്തിക്കുന്നവനാണ് സൗഭാഗ്യവാൻ. വഞ്ചിതനായി അവന്റെ മുമ്പിൽ കുനിയാത്തവനാണ് ദൗർഭാഗ്യവാൻ!

### ദൈവവിധി

ദൈവവിധി രണ്ടു വിധത്തിലുണ്ട്. ഒന്നിന്റെ പേര് 'മുഅല്ലഖ്' എന്നാണ്. രണ്ടാമത്തേതിന് മുബർറം എന്നു പറയുന്നു. മുഅല്ലഖായ വിധിയാണെങ്കിൽ ദുആകളും സ്വദഖകളും അതിനെ ഇല്ലാതാക്കുന്നതാണ്. അല്ലാഹു തന്റെ കൃപയാൽ ആ വിധി മാറ്റിക്കളയുന്നു. 'മുബർറ'മാണെങ്കിൽ സ്വദഖകളും ദുആകളും ആ വിധിയെ അകറ്റാൻ ഒരു ഫലവും ചെയ്യുകയില്ല. എന്നാൽ, അത് നിഷ്ഫലവും വ്യർഥവും ആയിരിക്കുകയുമില്ല. കാരണം അങ്ങനെ ചെയ്യുന്നത് അല്ലാഹുവിന്റെ പ്രൗഢിക്ക് വിരുദ്ധമാണ്. ചെയ്തിട്ടുള്ള ദുആകളുടേയും സ്വദഖകളുടേയും ഫലമായി അവൻ മറ്റേതെങ്കിലും രീതിയിൽ അതിന് ഫലമെത്തിക്കുന്നു. ചില രീതികളിൽ, അല്ലാഹു ഏതെങ്കിലും വിധിയിൽ ഒരു സമയംവരെ വിളംബവും താമസവും ഉണ്ടാക്കാറുണ്ട്.

ഈ വാക്കുകളിൽ പറഞ്ഞിട്ടില്ലെങ്കിലും വിശുദ്ധ ഖുർആനിൽനിന്ന് 'മുഅല്ലഖ്‌വിധി'യേയും 'മുബർറംവിധി'യേയും അറിയാൻ കഴിയുന്നു. ഉദാഹരണത്തിന് വിശുദ്ധ ഖുർആനിൽ പറയുന്നു, *ഉദ്ഊനീ അസ്തജിബ്‌ലക്കും(40:61)*നിങ്ങൾ എന്നോടു പ്രാർഥിക്കുക, ഞാൻ നി ങ്ങൾക്ക് ഉത്തര നല്കുന്നതാണ്. ഇതിൽനിന്ന് മനസ്സിലാകുന്നത് ദുആ സ്വീകരിക്കപ്പെടാവുന്നതാകാമെന്നാണ്. ദുആയിലൂടെ ശിക്ഷ ഇല്ലാതാകുന്നു. ആയിരക്കണക്കിനെന്നല്ല, സകല ജോലിയും ദുആകൊണ്ട് പരിഹരിക്കപ്പെടുന്നു. അല്ലാഹുവിന് സർവവസ്തുക്കളുടേയുംമേൽ സർവാധികാരമുണ്ടെന്നുള്ള കാര്യം സ്മരണാർഹമാണ്. അവനിച്ഛിക്കുന്നത് അവൻ ചെയ്യുന്നു; അവന്റെ മറഞ്ഞിരിക്കുന്ന നിയമങ്ങളെ കുറിച്ച് ജനങ്ങൾക്ക് അറിവുണ്ടായാലും ഇല്ലെങ്കിലും. എന്നാൽ, നൂറുക്കണക്കിന് അനുഭവസ്ഥരുടെ വിശാലമായ അനുഭവങ്ങളുണ്ട്. ആയിരക്കണക്കിന് വേദനയനുഭവിക്കുന്നവരുടെ വ്യക്തമായ ഫലം പറഞ്ഞുകൊണ്ടിരിക്കുന്നത് അവന്റെ ഗൂഢവും രഹസ്യവുമായ ഒരു നിയന്ത്രണമുണ്ടെന്നാണ്. അവനിച്ഛിക്കുന്നത് മായിക്കുന്നു. അവനിച്ഛിക്കുന്നത് ഉറപ്പിച്ചു നിറുത്തുകയും ചെയ്യുന്നു. അതിന്റെ ആഴംവരെ ചെന്നു നോക്കേണ്ട കാര്യം നമുക്ക് നിർബന്ധമല്ല. അതിന്റെ യഥാർഥ അസ്തിത്വംവരേയും അവസ്ഥവരേയും അറിയാൻ പരിശ്രമിക്കേണ്ട ആവശ്യവുമില്ല;ഒരു കാര്യം ഉണ്ടാകാൻ പോകുന്നുവെന്ന് അല്ലാഹു അറിയുമ്പോൾ പ്രത്യേകിച്ചും. അതുകൊണ്ട് നമുക്ക് കലഹത്തിലും വിവാദത്തിലും പെടേണ്ട ആവശ്യമില്ല. അല്ലാഹുവിന്റെ നിയതിനിയമത്തെ നിബന്ധനകളുമായും വെച്ചിരിക്കുന്നു. അത് തൗബയും ഭക്തിവിനയാദി നമ്രഭാവങ്ങളുംകൊണ്ട് മാറ്റപ്പെടാവുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകളും വിപത്തുകളും മനുഷ്യനുണ്ടാകുമ്പോൾ അവൻ സ്വാഭാവികമായും സൽക്കർമത്തിലേക്ക് തിരിയുന്നു. തന്റെ ഉള്ളിൽ ഒരു ഉൽക്കണ്ഠയും സങ്കടവും അനുഭവിക്കുന്നു. അത് അവനെ ഉണർത്തുകയും നന്മകളിലേക്ക് വലിച്ചുകൊണ്ടു പോകുകയും പാപങ്ങളിൽനിന്ന് അകറ്റുകയും ചെയ്യുന്നു. നമ്മൾ മരുന്നുകളുടെ സ്വാധീനത്തെ അനുഭവങ്ങളിലൂടെ പ്രാപിക്കുന്നതുപോലെ. ഗതിമുട്ടിയ അവസ്ഥയിലുള്ള ഒരു മനുഷ്യൻ അല്ലാഹുവിന്റെ തിരുസന്നിധിയിൽ അങ്ങേയറ്റം വണക്കത്തോടും തളർച്ചയോടുംകൂടി വീഴുകയും റബ്ബീ റബ്ബീ എന്നു പറഞ്ഞുകൊണ്ട് അവനെ വിളിക്കുകയും ദുആ ഇരക്കുകയും ചെയ്യുമ്പോൾ

(ശേഷം പേജ് 9ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ദേശത്തോടു സ്നേഹവും കൂറും പുലർത്താൻ ഞാൻ ഈ അവസരത്തിൽ ഉപദേശിക്കുകയാണ്.

എങ്ങനെയുള്ള അവസ്ഥയാണെങ്കിലും നിങ്ങൾ ദേശസ്നേഹം പ്രദർശിപ്പിക്കേണ്ടതാണ്. നിങ്ങളുടെ രാജ്യത്തിന്റെ ഭദ്രതയ്ക്കുവേണ്ടി ദുആകൾ ചെയ്യേണ്ടതാണ്. ദേശത്തോടുള്ള സ്നേഹം ഒരു യഥാർഥ മുസ്‌ലിമിന്റെ ഈമാനിന്റെ ഭാഗമാണെന്ന് നബി(സ)തിരുമേനി വ്യക്തമായ നിലയിൽ പറഞ്ഞിരിക്കുന്നു. നമ്മളിൽ ഓരോരുത്തരുടേയും നിർബന്ധ കടമയാണ് തങ്ങളെ സമൂഹത്തിനുവേണ്ടി പോസിറ്റീവായിട്ടുള്ളവരും ജനങ്ങൾക്ക് ഫലപ്രദമായിട്ടുള്ളവരുമാക്കുക എന്നത്. രാജ്യത്തിന്റേയും ജനതുടേയും സേവനത്തിലും അതിന്റെ നിയമങ്ങളുടെ പാലനത്തിലും നല്ല മാതൃക കാഴ്ച വെക്കുക. രാജ്യത്തിന്റെ ആദരവിനേയും അഭിമാനത്തേയും മുറിപ്പെടുത്തുന്ന ഒരു കർമവും നിങ്ങളിൽനിന്നുണ്ടാകാൻ പാടില്ല.

**ഖിലാഫത്തുമായുള്ള ബന്ധം വളരെ അനിവാര്യമാണ്. നമ്മുടെമേൽ അല്ലാഹുവിന്റെ വളരെ വലിയ ഔദാര്യമാണുള്ളത്; നമ്മളിൽ ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിതമായിരിക്കുന്നു. അതിനാൽ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനും ആത്മീയവും ഭൗതികവുമായ നന്മകളിൽ ഭാഗഭാക്കാകുന്നതിനും എപ്പോഴും ഖിലാഫത്തുമായി ചേർന്നിരിക്കുക.**

**2020 ഫെബ്രുവരി 28, 29, മാർച്ച് 1 തിയതികളിൽ ഖാദിയാനിൽ സംഘടിപ്പിച്ച ഭാരത മജ്‌ലിസ് ശൂറായുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ പ്രത്യേക സന്ദേശം**

ഭാരതത്തിലെ എന്റെ പ്രിയപ്പെട്ട മജ്‌ലിസെ ശൂറാ പ്രതിനിധികളെ!

*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.*

അൽഹംദുലില്ലാഹ് നിങ്ങൾക്ക് നിങ്ങളുടെ മജ്‌ലിസെ ശൂറാ സംഘടിപ്പിക്കാനുള്ള തൗഫീഖ് കിട്ടുകയാണ്. അല്ലാഹു അതിനെ എല്ലാ വിധത്തിലും വിജയകരവും അനുഗൃഹീതവുമാക്കുമാറാകട്ടെ. ആമീൻ.

എന്നോടു ഈ അവസരത്തിൽ സന്ദേശം അയക്കാൻ അപേക്ഷിച്ചിരിക്കുകയാണ്. ഞാൻ ഈ അവസരത്തിൽ ദേശത്തോടു സ്നേഹവും കൂറും പുലർത്താനും ഖിലാഫത്തിനോടു ബന്ധപ്പെട്ടിരിക്കാനും കാലത്തിന്റെ ഖലീഫയുടെ ഓരോ നിർദേശങ്ങളും ജനങ്ങളിലെത്തിക്കാനും നിങ്ങളെ ഉപദേശിക്കാനാഗ്രഹിക്കുകയാണ്.

ഈയിടെയായി ലോകത്ത് നാലുഭാഗത്തും അസമാധനവും അശാന്തിയുമാണ്. ഒരു രാജ്യവും അല്ലെങ്കിൽ ലോകത്തിന്റെ ഒരു ഭാഗവും ഇതിൽനിന്ന് സുരക്ഷിതമല്ല. ചിലയിടത്ത് ശാന്തി-സമാധാനത്തിന്റെ അവസ്ഥ വളരെ മോശമാണ്. ചിലയിടത്ത് ദാരദ്ര്യവും പട്ടിണിയുമാണ്. ചിലയിടത്ത് സമൂഹങ്ങളിൽ വിഭാഗീയതയുടേയും വംശീയതയുടേയും പേരിൽ അക്രമം നടക്കുന്നു. ഇതുപോലെ തന്നെ മതത്തിന്റെ പേരിലും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ട്. പക്ഷേ, എങ്ങനെയുള്ള അവസ്ഥയാണെങ്കിലും നിങ്ങൾ ദേശസ്നേഹം പ്രദർശിപ്പിക്കേണ്ടതാണ്. നിങ്ങളുടെ രാജ്യത്തിന്റെ ഭദ്രതയ്ക്കുവേണ്ടി ദുആകൾ ചെയ്യേണ്ടതാണ്. ദേശത്തോടുള്ള സ്നേഹം ഒരു യഥാർഥ മുസ്‌ലിമിന്റെ ഈമാനിന്റെ ഭാഗമാണെന്ന് നബി(സ)തിരുമേനി വ്യക്തമായ നിലയിൽ പറഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ കൃപയാൽ ലോകം മുഴുവനുമുള്ള അഹ്മദി തങ്ങളുടെ നാട്ടിനേയും നാട്ടുവാസികളേയും സ്നേഹിക്കുന്നു. സമാധാനപരമായ പൗരന്റെ ജീവിതം നയിക്കുന്നു. ഇതായിരിക്കണം നിങ്ങളുടെ അടിസ്ഥാനപരമായ ലക്ഷ്യം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിനോടു എല്ലാ തരത്തിലുള്ള കുഴപ്പങ്ങളിൽനിന്നും ദ്രോഹപ്രവൃത്തികളിൽനിന്നും അകന്നിരിക്കാൻ പറഞ്ഞിരിക്കുന്നു. മൽഫൂദാത്തിൽ ഒരു സംഭവം വിവരിച്ചിട്ടുണ്ട്:ഒരിക്കൽ കോളേജിൽ, യൂണിവേഴ്സിറ്റിയിൽ ഒരു ഹർത്താൽ നടന്നു. അതിനെ സംബന്ധിച്ച് അവിടന്ന് പറഞ്ഞു:വിദ്യാർഥികൾ ലാഹോറിൽ തങ്ങളുടെ പ്രൊഫസർമാർക്കെതിരിൽ സമരം ചെയ്യുമ്പോൾ ഈ ജമാഅത്തിൽപ്പെട്ട നമ്മുടെ കുട്ടികളോടു നാം കല്പിക്കുന്നത് അതിൽ പങ്കെടുക്കരുതെന്നാണ്. തങ്ങളുടെ അധ്യാപകരോടു മാപ്പു ചോദിച്ച് ഉടനെ കോളേജിൽ കയറുക. അങ്ങനെ അവർ എന്റെ കല്പന പാലിക്കുകയും തങ്ങളുടെ കോളേജിൽ പ്രവേശിക്കുകയും മറ്റുള്ള വിദ്യാർഥികളും ഉടനെ പ്രവേശിക്കണമെന്ന വിധത്തിലുള്ള ഒരു മാതൃക സ്ഥാപിക്കുകയും ചെയ്തു.'(മൽഫൂദാത്ത് വാള്യം 5 പേജ് 172-173)

അതിനാൽ ഒരു അഹ്മദി ഏതവസ്ഥയിലും കലാപങ്ങളിൽനിന്നും കുഴപ്പങ്ങളിൽനിന്നും അകന്നിരിക്കേണ്ടതാണ്. ദേശസ്നേഹത്തിന്റെ ഉത്തമമായ കർമ മാതൃക അവതരിപ്പിക്കേണ്ടതാണ്. നമ്മളെക്കാളുപരി രാജ്യത്തോടു കൂറു പുലർത്തുന്ന പൗരന്മാർ ആരാണുള്ളതെന്ന് നമ്മുടെ ജമാഅത്തുമായി ബന്ധമുള്ളവർക്കറിയാം. രാജ്യത്തിനു സേവനം ചെയ്യാൻ ഞാൻ അവരോടു ഉപദേശിക്കുന്നു. അവർ തങ്ങളുടെ വിശ്വാസത്തിനും രാജ്യത്തിനും സമൂഹത്തിനുംവേണ്ടി എല്ലാ തരത്തിലുള്ള ത്യാഗത്തിനും എപ്പോഴും തയ്യാറായിരിക്കുമെന്ന് പ്രതിജ്ഞ എടുക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധ ഖുർആനിന്റേയും തിരുഹദീഥുകളുടേയും വെളിച്ചത്തിൽ തന്റെ പ്രിയപ്പെട്ട ജമാഅത്തിനെ സർക്കാറിനെ അനുസരിക്കാനും കൂറു പുലർത്താനും പഠിപ്പിച്ചു. അതുകൊണ്ട് നമ്മളിൽ ഓരോരുത്തരുടേയും നിർബന്ധ കടമയാണ് തങ്ങളെ സമൂഹത്തിനുവേണ്ടി പോസിറ്റീവായിട്ടുള്ളവരും ജനങ്ങൾക്ക് ഫലപ്രദമായിട്ടുള്ളവരുമാക്കുക എന്നത്. രാജ്യത്തിന്റേയും ജനതുടേയും സേവനത്തിലും അതിന്റെ നിയമങ്ങളുടെ പാലനത്തിലും നല്ല മാതൃക കാഴ്ചവെക്കുക. രാജ്യത്തിന്റെ ആദരവിനേയും അഭിമാനത്തേയും മുറിപ്പെടുത്തുന്ന ഒരു കർമവും നിങ്ങളിൽനിന്നുണ്ടാകാൻ പാടില്ല.

ഖിലാഫത്തുമായുള്ള ബന്ധം വളരെ അനിവാര്യമാണ്. നമ്മുടെമേൽ അല്ലാഹുവിന്റെ വളരെ വലിയ ഔദാര്യമാണുള്ളത്;നമ്മളിൽ ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിതമാണ്. ശക്തമായൊരു വളയം നിങ്ങളുടെ കൈയിലുണ്ട്. അതിനെ തകർക്കാൻ സാധ്യമല്ല. പക്ഷേ, ഓർക്കുക, ആ വളയം തകരുന്നതല്ലെങ്കിലും നിങ്ങൾ നിങ്ങളുടെ കൈ അല്പം അയച്ചാൽ നിങ്ങൾ തകരാനുള്ള സാധ്യത ഉണ്ടാകാവുന്നതാണ്. അല്ലാഹു എല്ലാവരേയും ഇതിൽനിന്ന് രക്ഷിക്കുമാറാകട്ടെ. അതുകൊണ്ട് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക എന്ന കല്പന എപ്പോഴും ഓർക്കുക. ജമാഅത്തു വ്യവസ്ഥിതിയുമായി അള്ളിപ്പിടിച്ചിരിക്കുക. കാരണം ഇന്ന് അതുകൂടാതെ നിങ്ങൾക്കു നിലനില്പില്ല. ഇതു ഖിലാഫത്തിന്റെ തന്നെ ബർക്കത്താണ്. ലോകം മുഴുവനുമുള്ള ജമാഅത്ത് ഏകത്വത്തിന്റെ മാലയിൽ കൊരുക്കപ്പെട്ടിരിക്കുന്നു. മതപരമായ അഭിവൃദ്ധിയുടെ പുതിയ പുതിയ നിലകൾ തരണം ചെയ്തുകൊണ്ട് പൊയ്ക്കൊണ്ടിരിക്കുന്നു. അതിനാൽ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനും ആത്മീയവും ഭൗതികവുമായ നന്മകളിൽ ഭാഗഭാക്കാകുന്നതിനും എപ്പോഴും ഖിലാഫത്തുമായി ചേർന്നിരിക്കുക.

നിങ്ങൾ നിങ്ങളുടെ ജമാഅത്തുകളുടെ പ്രതിനിധികളായാണ് സംഘടിച്ചിരിക്കുന്നത്. നിങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വം കാലത്തിന്റെ ഖലീഫയുടെ എല്ലാ നിർദേശങ്ങളും ജനങ്ങളിലെത്തിക്കുക എന്നതാണ്. ഇന്ന് എം ടി എ യും സന്ദേശമെത്തിക്കുന്നതിന് സ്വീകരിക്കുന്നതിനുള്ള മറ്റെല്ലാ മാർഗങ്ങളുമുണ്ട്. ഇതുണ്ടായിട്ടും ധാരാളമാളുകൾ അത് പ്രയോജനപ്പെടുത്തുന്നില്ല. അത്തരമാളുകൾവരെ കാലത്തിന്റെ ഖലീഫയുടെ ശബ്ദം എത്തേണ്ടതാണ്. ഉദാഹരണത്തിന് ജുമുഅയുടെ അവസരത്തിൽ കാലത്തിന്റെ ഖലീഫയുടെ ഖുത്ബ ജുമുഅസംഗ്രഹം കേൾപ്പിക്കാവുന്നതാണ്. ഇപ്രകാരം എഴുത്തും വായനയും അറിയാത്തവർക്ക് അല്ലെങ്കിൽ ഖുത്ബയുടേയും മറ്റു പ്രസംഗങ്ങളുടേയും ഭാഷ മനസ്സിലാകാത്തവർക്ക് അവരുടെ ഭാഷയിൽ തർജമയ്ക്കുള്ള സ്ഥിര സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. ജമാഅത്തിന്റെ തർബിയത്തുപരമായ ജോലിചെയ്യുന്നവർ തങ്ങളുടെ പ്രസംഗങ്ങളിലും മറ്റും കാലത്തിന്റെ ഖലീഫയുടെ പ്രസംഗങ്ങളിൽനിന്നും ഖുത്ബകളിൽനിന്നും പോയന്റുകളെടുത്ത് അവതരിപ്പിക്കേണ്ടതാണ്. ഇപ്രകാരം തർബിയത്തിൽ ഒരു ഏകതാ രൂപവുമുണ്ടാകും. ഈ ഐക്യമാണ് അല്ലാഹു ഖിലാഫത്ത് വ്യവസ്ഥിതി മുഖേന നമുക്ക് പ്രദാനം ചെയ്തിരിക്കുന്ന്. ദൈവ കൃപയാൽ ലോകം മുഴുവനുമുള്ള അഹ്മദികൾ കാലത്തിന്റെ ഖലീഫയുടെ ഉപദേശവും നിർദേശവും കേൾക്കുമ്പോൾ അവരുടെമേൽ അസാധരണമായ നല്ല സ്വാധീനമാണുണ്ടാകുന്നത്. ഒരേയൊരുകാര്യം ഏതെങ്കിലും മറ്റൊരാളുടെ ഭാഷയിൽ കേട്ട് കേൾക്കുന്നവരിൽ, കാലത്തിന്റെ ഖലീഫയുടെ ശബ്ദം നേരിട്ട് കേൾക്കുന്നതുപോലെയുള്ള സ്വാധീനം ഉണ്ടാകുന്നില്ലെന്നത് അനുഭവത്തിൽ വന്നിട്ടുള്ളതാണ്. വാസ്തവത്തിൽ അല്ലാഹു സത്യവിശ്വാസികളുടെ മനസ്സുകളിൽ കാലത്തിന്റെ ഖലീഫയ്ക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ആ സ്നേഹവും വിശ്വാസവുമാണ് അതിന്റെ പിന്നിലുള്ളത്. ഇതിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്.

അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ ചുമതലകൾ പൂർണമായും നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. യഥാർഥമായ നിലയിൽ കാലത്തിന്റെ ഖലീഫയുടെ സുൽത്വനെ നസീറാക്കുമാറാകട്ടെ. ആമീൻ.

വസ്സലാം

വിനീതൻ, ഒപ്പ്

**(മിർസാ മസ്റൂർ അഹ്മദ്)**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്**

# ഖുത്ബ ജുമുഅ

“നമ്മുടെ ജമാഅത്തിന്റെ ഒന്നാമത്തെ നിർബന്ധ കടമ അല്ലാഹുവിൽ സത്യസന്ധമായ വിശ്വാസം കരസ്ഥമാക്കുക എന്നതാണ്.”

അല്ലാഹുവുമായി ചെയ്തിട്ടുള്ള പ്രതിജ്ഞ പൂർത്തിയാക്കുകയും; സൂക്ഷ്മമായ നിലയിൽ പൂർത്തിയാക്കുകയും അപ്രകാരംതന്നെ അതിന്റെ അമാനത്തുകളോടുള്ള കടമ നിറവേറ്റുകയും; സൂക്ഷ്മമായ നിലയിൽ നിറവേറ്റുകയും ചെയ്യുക എന്നതാണ് യഥാർഥ വിശ്വാസം;തഖ്‌വായുടെ തേട്ടവും അതുതന്നെയാണ്.

**തഖ്‌വാ കരസ്ഥമാക്കുക. എന്തുകൊണ്ടെന്നാൽ തഖ്‌വായ്ക്കുശേഷമാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വരുന്നത്.**

നല്ല മനുഷ്യനും സൽപ്രകൃതനും ജനങ്ങൾക്ക് ഫലമെത്തിക്കുന്നവനും തന്റെ വികാരാവേശങ്ങളെ അടക്കിവെക്കുന്നവനും വിനയനുമായിരിക്കേണ്ടതാണ്. എന്നാൽ, ജനങ്ങൾ അത്ഭുതസിദ്ധിയോടെന്നപോലെ അവനിൽ ആകർഷിതരാകും. ഇതും തബ്‌ലീഗ് ചെയ്യുന്നതിനുള്ള ഒരു മാർഗമാണ്.

രോഗിയാണെങ്കിൽ നോമ്പു പിടിക്കരുതെന്നാണ് വിശുദ്ധ ഖുർആനിന്റെ വ്യക്തമായ കല്പന. രോഗം വരുമോ എന്ന നിഗമനത്തിൽ നോമ്പു ഉപേക്ഷിക്കുക തെറ്റാണ്.

തങ്ങളുടെ അവസ്ഥകളും ആരോഗ്യവുംനോക്കി മനഃസാക്ഷിയോടു ഫത്‌വ ചോദിച്ച് നോമ്പുപിടിക്കാനുള്ള തീരുമാനം എടുക്കാൻ ഉപദേശം.

**നോമ്പ് പിടിക്കാൻ തൗഫീഖ് കിട്ടുന്നതിനും പകർച്ച വ്യാധിയിൽനിന്ന് മോക്ഷം ലഭിക്കുന്നതിനും ദുആ ചെയ്യാൻ ഉപദേശം.**

ലോകത്തെ സാമ്പത്തിക തകർച്ചയുടെ അവസ്ഥ കാണുമ്പോൾ തലയ്ക്കുമുകളിൽ ആടിക്കൊണ്ടിരിക്കുന്ന യുദ്ധത്തിന്റെ ആശങ്ക.

“അല്ലാഹു നമുക്ക് ദുആ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ അവസ്ഥകളെ മെച്ചപ്പെടുത്താൻ തൗഫീഖ് നല്കുമാറാകട്ടെ. ലോകത്തിനും ലോകത്തിലെ വൻ രാഷ്ട്രങ്ങൾക്കും ബുദ്ധിപൂർവം തങ്ങളുടെ പോളിസികളും ഭാവിയിലെ പ്രവർത്തനരൂപരേഖയും ഉണ്ടാക്കുന്നതിന് തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.”

**ഖുത്ബ ജുമുഅ 2020 ഏപ്രിൽ 24/1399 ശഹാദത്ത് 24**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ) യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -

صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഈ ആയത്തുകളുടെ അർഥം ഇപ്രകാരമാകുന്നു: ‘വിശ്വാസികളെ നിങ്ങൾക്കു മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ ധാർമികവും ആത്മീയവുമായ ന്യൂനതകളിൽനിന്ന് സുരക്ഷിതരാകുന്നതിനു വേണ്ടി. അതിനാൽ നിങ്ങൾ നിശ്ചിതദിനങ്ങളിൽ വ്രതമനുഷ്ഠിക്കുക. എന്നാൽ, നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. ഫിദ്‌യ (പ്രായശ്ചിത്തം) നൽകുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അതയാൾക്ക് ഗുണകരമായിരിക്കും.നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പ് അനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ.

‘സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ അല്ലാത്ത അവസ്ഥയിൽ ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ, നിങ്ങളിലാരെങ്കിലും രോഗിയാകുകയോ യാത്രയിലാകുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്; അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. ഇതാകട്ടെ നിങ്ങൾ എണ്ണം പൂർത്തിയാക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു. (അൽബഖറ: 184– 186).

നാളെ മുതൽ അല്ലാഹുവിന്റെ കൃപയാൽ ഇവിടെ റമളാൻ ആരംഭിക്കുകയാണ്. നമ്മുടെ ആത്മീയ അഭിവൃദ്ധിക്കുവേണ്ടിയാണ് അല്ലാഹു വ്രതാനുഷ്ഠാനം വെച്ചിട്ടുള്ളത്. വിശുദ്ധ ഖുർആനിലെ ഞാൻ പാരായണം ചെയ്ത ആദ്യ വചനത്തിൽ നിങ്ങൾ ഭയഭക്തി കൈക്കൊള്ളുന്നതിനു വേണ്ടിയാണ് ഞാൻ വ്രതാനുഷ്ഠാനം നിർബന്ധമാക്കിയിരിക്കുന്നതെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. തഖ്‌വ അഥവാ ഭയഭക്തി എന്താണ്? ഇത് വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു:

“തഖ്‌വാ എന്നാൽ, അല്ലാഹു ഏൽപിച്ചിട്ടുള്ള എല്ലാ അമാനത്തുകളും വിശ്വാസ സംബന്ധമായ പ്രതിജ്ഞകളും അതുപോലെതന്നെ അവന്റെ സൃഷ്ടികളുടെ എല്ലാ അമാനത്തുകളും പ്രതിജ്ഞകളും കഴിവിന്റെ പരമാവധി മനുഷ്യൻ പാലിക്കുക എന്നതാണ്. അതായത് അവയുടെ അതിസൂക്ഷ്മമായ വശങ്ങളിൽ കഴിവിന്റെ പരമാവധി പ്രവർത്തന സജ്ജരാകുക.”(ഉമീമ ബറാഹീനെ അഹ്മദിയ്യ , ഭാഗം 5, റൂഹാനീ ഖസാഇൻ വാല്യം 21, പേജ് 210)

അതായത് അമാനത്തുകളുടേയും പ്രതിജ്ഞകളുടേയും അതിസൂക്ഷ്മമായ വശങ്ങളെ മുന്നിൽവെച്ചുകൊണ്ട് പിന്നീട് അത് നിറവേറ്റുന്നവനും അത് പാലിക്കുന്നവനുമാകുക. ഇത് നിസാര ജോലിയല്ല. അല്ലാഹുവിനോടുള്ള കടമകൾ എന്താണ്? അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകളെന്താണ്? അതിന്റെ ലിസ്റ്റുണ്ടാക്കാൻ തുടങ്ങിയാൽ മനുഷ്യൻ ബുദ്ധിമുട്ടിപ്പോകും. അല്ലാഹുവിന്റെ ആരാധനയോടുള്ള കടമ അതിന്റേതായ നിലയിൽ നമുക്ക് നിറവേറ്റാൻ സാധിക്കുകയില്ല. അല്ലാഹു എത്രത്തോളം നമ്മളിൽ ഔദാര്യം ചെയ്തിട്ടുണ്ടോ അതിന് നന്ദി കാണിക്കുക എന്നത് അവന്റെ അവകാശമാണ്. നന്ദി കാണിക്കുക എന്ന ഈ കടമ നമ്മൾ നിറവേറ്റുന്നില്ല, നമുക്ക് നിറവേറ്റാൻ സാധിക്കുകയുമില്ല. ഇതുകൂടാതെതന്നെ അധികമാളുകളും അല്ലാഹുവിന്റെ നിഅ്മത്തുകളിൽനിന്ന് ഫലമെടുത്തുകൊണ്ട് പോകുന്നു; നമ്മുടെ അവകാശമാണെന്ന പോലെ. വാസ്തവത്തിൽ അത് അല്ലാഹുവിന്റെ ഔദാര്യമാണ്. അത് നമ്മുടെഅവസ്ഥകളും നന്ദികേടും ഉണ്ടായിട്ടും അവൻ നമ്മെ അനുഗ്രഹിച്ചുകൊണ്ടേ പോകുന്നു. നമ്മൾ അല്ലാഹുവിനോടു ചെയ്ത പ്രതിജ്ഞ നിറവേറ്റു

ന്നില്ല. സൃഷ്ടികളോടുള്ള കടമകളുണ്ട്. മാതാപിതാക്കളോടുള്ള കടമകളുണ്ട്. അയൽവാസികളോടുള്ള കടമകളുണ്ട്. യാത്രക്കാരോടുള്ള കടമ കളുണ്ട്. സമൂഹത്തോടു പൊതുവെയുള്ള കടമകളുണ്ട്. അതൊന്നും നമ്മൾ നിറവേറ്റുന്നില്ല. അതു നിറവേറ്റാൻ നമ്മൾ കല്പിക്കപ്പെട്ടിട്ടുള്ളതാണ്. നമ്മൾ ആ കടമകൾ നിറവേറ്റുന്നില്ല. അതിനാൽ നമ്മൾ സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ നമ്മൾ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നില്ലെന്നും സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നില്ലെന്നും അറിയാൻ കഴിയും. ഞാൻ പൊതുവായൊരു ലിസ്റ്റുണ്ടാക്കിയിരുന്നു. അതിൽ ചില വലിയ വലിയ കടമകളാണ് എഴുതിയിരുന്നത്. മനുഷ്യരോടുള്ള കടമകൾ, അല്ലാഹുവിന്റെ ദാസരോടുള്ള കടമകൾ അതുതന്നെയും ഏകദേശം 28, 29 ആയി. എന്തായാലും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'യഥാർഥ വിശ്വാസമെന്നത്, തഖ്‌വാ ആഗ്രഹിക്കുന്നത് അല്ലാഹുവിനോട് ചെയ്ത പ്രതിജ്ഞ പൂർത്തിയാക്കുക; സൂക്ഷ്മമായ നിലയിൽ പൂർത്തിയാക്കുക എന്നതാണ്. അതോടൊപ്പം അവന്റെ അമാനത്തുകളോടുള്ള കടമയും നിറവേറ്റുക; സൂക്ഷ്മമായി നിലയിൽ പൂത്തിയാക്കുക. ഇപ്രകാരംതന്നെ സൃഷ്ടികളോട് ചെയ്ത പ്രതിജ്ഞയും സൂക്ഷ്മതയോടെ നിറവേറ്റുക. അവന്റെ അമാനത്തുകളും ഒരു ചിന്തയോടുകൂടി നിറവേറ്റുക; അപ്പോഴാണ് തഖ്‌വയുണ്ടെന്ന് പറയാൻ കഴിയുക. അല്ലാഹു പറയുന്നു: ഈ റമളാൻ മാസം വന്നിട്ടുള്ളതും നോമ്പു പിടിക്കുന്നതിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കപ്പെട്ടിട്ടുള്ളതും വർഷത്തിലെ പതിനൊന്ന് മാസങ്ങളിൽ കടമകൾ നിറവേറ്റുന്ന കാര്യത്തിൽ നിങ്ങൾക്ക് വന്നുപോയിട്ടുള്ള വീഴ്ചകളെയും കുറവുകളെയും, ഈ മാസത്തിൽ അല്ലാഹവിലേക്കു മാത്രം ശ്രദ്ധകേന്ദ്രീകരിച്ചും അല്ലാഹുവിനുവേണ്ടി അനുവദനീയമായ വസ്തുക്കൾ പോലും ഉപേക്ഷിച്ചും അല്ലാഹുവിനുവേണ്ടി വിശപ്പും ദാഹവും സഹിച്ചും അല്ലാഹുവിനെ ആരാധിക്കുന്നതിൽ മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ശ്രദ്ധ ചെലത്തിയും സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നിതിൽ പ്രത്യേകമായ നിലയിൽ ശ്രദ്ധിച്ചും പൂർത്തിയാക്കാനാണ്. ഇതു ചെയ്യുകയാണെങ്കിൽ അതിന്റെ പേരാണ് തഖ്‌വാ. റമളാന്റേയും നോമ്പിന്റേയും ഉദ്ദേശ്യവും ഇതുതന്നെയാണ്. മനുഷ്യൻ ഈയൊരു നിയ്യത്തോടും ഈ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനും നോമ്പു പിടിക്കുകയും റമളാനിലൂടെ കടന്നുപോകുകയും സദുദ്ദേശ്യത്തോടുകൂടി കടന്നുപോകുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന പരിവർത്തനം താൽകാലികമായിരിക്കുകയില്ല. മറിച്ച് അത് സ്ഥിരമായ ഒരു പരിവർത്തനമായിരിക്കും.

പിന്നെ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിന് സുസ്ഥിരമായ ശ്രദ്ധ ഉണ്ടാകുന്നതായിരിക്കും. ആരാധനയോടുള്ള കടമ നിറവേറ്റുന്നതിന് സുസ്ഥിരമായ ശ്രദ്ധ ഉണ്ടാകുന്നതായിരിക്കും. ലോകത്തിന്റെ തിക്കും തിരക്കും അനാവശ്യമായ കാര്യങ്ങളും നിങ്ങളെ അതിജയിക്കുകയില്ല. മനുഷ്യരോടുള്ള കടമകൾ നിറവേറ്റുന്നതിലേക്കും പൊതുവെ ശ്രദ്ധയുണ്ടാകുന്നതായിരിക്കും. നമ്മുടെ സ്വാർഥ ലാഭങ്ങൾക്കുവേണ്ടി നമ്മൾ ജനങ്ങളുടെ അവകാശങ്ങൾ അടിച്ചുമാറ്റുന്നവരായിരിക്കുകയില്ല. നമ്മൾ ഈ ഉദ്ദേശ്യത്തോടും തീരുമാനത്തോടുംകൂടി നോമ്പിന്റെ മാസത്തിൽ പ്രവേശിക്കുന്നില്ലെങ്കിൽ നമ്മുടെ റമളാനിൽ പ്രവേശിക്കുക എന്നത് നിഷ്ഫലമാണ്. നബി(സ)തിരുമേനി ഒരവസരത്തിൽ പറയുകയുണ്ടായി: 'വല്ലവനും അല്ലാഹുവിന്റെ വഴിയിൽ അവന്റെ ഫള്ൽ ആഗ്രഹിച്ചുകൊണ്ട് ഒരു ദിവസം നോമ്പു പിടിച്ചാൽ, 70 കൊല്ലത്തെ യാത്രാദൂരംവരെ അല്ലാഹു അവന്റെ മുഖത്തെ നരകാഗ്നിയിൽനിന്ന് വിദൂരമാക്കുന്നതാണ്.'(സ്വഹീഹുൽ ബുഖാരി, കിതാബുൽജിഹാദ് വസ്സ്യർ, ഹദീഥ് 2840)

അതായത് ശരത്ക്കാലം അല്ലെങ്കിൽ ശൈത്യകാലം. ഒരുകാലത്തിനും അടുത്തകാലത്തിനും ഇടയ്ക്കുള്ള ദൂരം. അത് എത്രദൂരമാണെന്നാൽ 70 വർഷത്തിന്റെ ദൂരം ഉണ്ടാക്കുന്നു. അതായത് ഒരു ശരത്ക്കാലവും പിന്നീടു വരുന്ന ശരത്ക്കാലവും തമ്മിൽ ഒരു വർഷത്തിന്റെ ദൂരമാണ്. അതെത്രമാത്രം ദൂരമുണ്ടാക്കുന്നുവെന്നാൽ 70 വർഷങ്ങൾക്ക് സമാനമായ ദൂരമുണ്ടാക്കുന്നു. ഇതാണ് നോമ്പിന്റെ ബർക്കത്തുകൾ. ഇതാണ് നോമ്പുണ്ടാക്കുന്ന തഖ്‌വാ. വ്രതാനുഷ്ഠാനം വെറും മുപ്പത് ദിവസത്തേക്ക് തഖ്‌വാ ഉണ്ടാക്കുകയില്ല. മറിച്ച് യഥാർഥ വ്രതാനുഷ്ഠാനം എഴുപതു വർഷംവരെ അതിന്റെ സ്വാധീനം ഉൾക്കൊള്ളുന്നു. ഈ കണക്കുപ്രകാരം നമ്മൾ നോക്കുകയാണെങ്കിൽ നോമ്പ് നിർബന്ധമാക്കപ്പെട്ടതിനുശേഷം ഒരു മനുഷ്യനിൽ, ഒരു പ്രായപൂർത്തിയായ മുസ്‌ലിമിൽ നോമ്പ് നിർബന്ധമാകുമ്പോൾ അതിനുശേഷം നോമ്പിൽനിന്ന് യഥാർഥ അനുഗ്രഹം പറ്റുന്നവൻ, അതിന്റെ ആത്മാവ് മനസ്സിലാക്കി നോമ്പു പിടിക്കുന്നവൻ മുഴുവൻ ആയുസ്സിലും അല്ലാഹു നോമ്പിൽ വെച്ചിട്ടുള്ള ഈ അനുഗ്രഹങ്ങളിൽനിന്ന് അനുഗ്രഹം പ്രാപിച്ചുകൊണ്ടിരിക്കുന്നതായിരിക്കും. തഖ്‌വായുടെ വഴികളെ അന്വേഷിച്ചുകൊണ്ടിരിക്കുന്നതായിരിക്കും; അതാണ് നോമ്പിന്റെ ഉദ്ദേശ്യം. ഇപ്രകാരം അല്ലാഹുവിന്റെ വെറുപ്പിൽനിന്ന് രക്ഷപ്പെടുന്നതായിരിക്കും. അവന്റെ സന്തോഷം കരസ്ഥമാക്കുന്നവനായിക്കൊണ്ടു പോകുന്നതായിരിക്കും.

അത്തരം നോമ്പുകാർ നമ്മുടെ സമൂഹത്തിൽ ഉണ്ടാകുകയാണെങ്കിൽ അത് എത്രമാത്രം സുന്ദരമായ സമൂഹമായിരിക്കുമെന്ന് സങ്കല്പിച്ചു നോക്കുക. അവിടെ അല്ലാഹുവിനോടുള്ള കടമകളും നിറവേറ്റപ്പെടുന്നതായിരിക്കും. സമസൃഷ്ടികളോടുള്ള കടമകളും നിറവേറ്റപ്പെടുന്നതായിരിക്കും. ഇതു തന്നെയാണ് എല്ലാ മുഅ്മിനീങ്ങളും സ്ഥാപിതമാകുന്നതിനുവേണ്ടി ആഗ്രഹിക്കുന്ന സുന്ദരമായ സമൂഹം. എന്നല്ല എല്ലാ മനുഷ്യരും ഈ സമൂഹം സ്ഥാപിതമാകുന്നതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. പക്ഷേ, ഞാൻ പറഞ്ഞതുപോലെ അവന്റെ സ്വന്തം കടമകളെ സംബന്ധിച്ചിടത്തോളം പൊതുവെ അവൻ ഇതു ഇഷ്ടപ്പെടുന്നു, മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം ഈ വിചാരമുണ്ടായില്ലെങ്കിലും. പക്ഷേ, ഇസ്‌ലാം പറയുന്നത് മറ്റുള്ളവർക്കുവേണ്ടിയും നിങ്ങൾ ഈ സമൂഹം സ്ഥാപിക്കണമെന്നാണ്. നിങ്ങളുടെ മാത്രം സൗകര്യങ്ങൾ നോക്കരുത്. സ്വന്തം നേട്ടങ്ങൾ മാത്രം നോക്കരുത്. സ്വന്തം അവകാശങ്ങൾ മാത്രം നോക്കാതെ മറ്റുള്ളവരുടെ അവകാശങ്ങളും സംരക്ഷിക്കേണ്ടതാണ്. അതും ശ്രദ്ധിക്കേണ്ടതാണ്.

ഇപ്പോൾ വ്യാപിച്ചിരിക്കുന്ന ഈ മഹാവ്യാധി സർക്കാരിന്റെ നിയമങ്ങളനുസരിച്ച് ഭൂരിഭാഗമാളുകളേയും വീടുകളിൽ അടച്ചിട്ടിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഒരു നല്ല കാര്യം ജമാഅത്തിലും ചില സ്ഥലങ്ങളിൽ ആളുകളിലും ഉണ്ടായിക്കൊണ്ടിരിക്കുകയും അവർക്ക് വിചാരമുണ്ടാകുകയും ചെയ്തിരിക്കുന്നു. ലോകത്തിലെ എല്ലാ രാജ്യത്തും ജമാഅത്തിൽ പ്രത്യേകിച്ചും ഈ ഭാഗത്തേക്ക് ശ്രദ്ധയുണ്ട്.

ഇന്നാളുകളിൽ അതാതു രാജ്യങ്ങളിൽ ആവശ്യമായിട്ടുള്ള സ്ഥലങ്ങളിലെല്ലാം ഖുദ്ദാമുൽ അഹ്മദിയ്യായുടെ കീഴിൽ, വാളന്റിയർമാരുടെ കീഴിൽ സാധനങ്ങളും മരുന്നുകളും ആവശ്യക്കാർക്ക് എത്തിച്ചുകൊണ്ടിരിക്കുന്നതിന് സഹായത്തിന്റെ ആവശ്യമുണ്ട്. അതവർ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഈ കടമകൾ നിറവേറ്റിക്കൊണ്ടിരിക്കുന്നത് എങ്ങനെയുള്ള മാതൃകയാണെന്നാൽ അതുമുഖേന നമ്മുടെയാളുകൾ ഫലമെന്തായാലും എടുക്കുന്നുണ്ട്, അവിടെ മറ്റുള്ളവരും ഫലമെടുത്ത് ആകർഷിതരായിക്കൊണ്ടിരിക്കുന്നു. ഇപ്പോഴുണ്ടായിട്ടുള്ള മാനവകുലത്തിന് സേവനം ചെയ്യണമെന്ന ഈ ചിന്ത അടിയന്തര ഘട്ടങ്ങളിൽ മാത്രം പോരാ മറിച്ച് എന്നെന്നും നമ്മുടെയുള്ളിൽ നിലനിൽക്കുന്നതായിരിക്കേണ്ടതാണ്.

എന്തായാലും അതിനുപുറമെ ആത്മീയ ഗുണങ്ങൾ എന്താണ്? ആളുകൾ എഴുതുന്നു: ഇക്കാരണത്താൽ ഞങ്ങളുടെ വീടിന് പുതിയൊരു അന്തരീക്ഷം ഉണ്ടായിരിക്കുന്നു; ഞങ്ങൾ വീടുകളിൽ ഇരിക്കുന്നു. ജമാഅത്തായുള്ള നമസ്കാരങ്ങളും നിർവഹിക്കപ്പെടുന്നു. നമസ്കാരങ്ങൾക്കുശേഷം ഹ്രസ്വമായ ദർസും നടക്കുന്നു. എം.ടി.എ യിൽ ഖുത്ബയും ഒന്നിച്ചിരുന്നു കാണുന്നു. ചില മറ്റു പ്രോഗ്രാമുകളും കാണന്നു. ഈ ലോക്ഡൗൺ കൂടുതൽ നീളുകയാണെങ്കിൽ, അത് റമളാൻ മാസം മുഴുവൻ നിലനിൽക്കുകയാണെങ്കിൽ ഇതുപോലെതന്നെ ജമാഅത്തായുള്ള നമസ്കാരവും ദർസുകളും കൂടുതൽ ശ്രദ്ധയോടെ ചെയ്തുകൊണ്ടിരിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. കുട്ടികൾക്ക് ചെറിയ ചെറിയ മസലകൾ അഥവാ മതവിധികൾ പഠിപ്പിക്കുക, പറഞ്ഞുകൊടുക്കുക. ഞാൻ മുമ്പേയും ഒരു ഖുത്ബയിൽ പറഞ്ഞതുപോലെ ഇപ്രകാരം സ്വന്തം അറിവും കുട്ടികളുടെ അറിവും വർധിപ്പിക്കുക. ദുആയിലേക്ക് പ്രത്യേകം ശ്രദ്ധിച്ചുകൊണ്ട് തങ്ങൾക്കുവേണ്ടിയും ലോകത്തിനുവേണ്ടിയും അല്ലാഹുവിന്റെ കാരുണ്യം തേടുക. നമുക്ക് അല്ലാഹു തന്നുകൊണ്ടിരിക്കുന്ന ഈ ദിനങ്ങളെ നല്ലവണ്ണം പ്രയോജനപ്പെടുത്തേണ്ടതാണ്. ഈ പകർച്ചവ്യാധി പൊതുവെ വീടുകളിലുണ്ടാക്കിയിട്ടുള്ള അന്തരീക്ഷം ഞാൻ പ

## ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)*

താലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**

താലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

റഞ്ഞതുപോലെ അത് കൂടുതൽ മെച്ചപ്പെട്ടതാക്കാൻ നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. അല്ലാതെ ലൗകികരുടെ വീടുകൾപോലെ ആകാൻ പാടില്ല. ആ വീടുകളിൽ പൊതുവെ കലഹവും വഴക്കും കൂടിയിരിക്കുന്നു. അസ്വസ്ഥതകൾ കൂടുന്നു. ഈ നല്ല അന്തരീക്ഷത്തിൽ നമ്മളോടു നിർദേശിക്കപ്പെട്ട നന്മകൾ കാരണത്താൽ നമ്മുടെ അന്തരീക്ഷം മെച്ചപ്പെട്ടാതാകേണ്ടതാണ്. ചിലപ്പോൾ പുരുഷൻ വീടുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ ആത്മീയാന്തരീക്ഷത്തിന്റെ പൂർണമായ ഭാഗമാകാറില്ല. ചിലപ്പോൾ സ്ത്രീകളും മറ്റു കാര്യങ്ങൾക്ക് മുൻഗണനകൾ നല്കുന്നു. ഇത്തരം അവസ്ഥകളിൽ എത്രത്തോളം അല്ലാഹുവിലേക്ക് കുനിയണമെന്നും അവന്റെ തൃപ്തി കരസ്ഥമാക്കേണ്ട ആവശ്യമുണ്ടെന്നുമുള്ള ബോധംതന്നെ അവർക്കില്ല. കുട്ടികളെയും അല്ലാഹുവിലേക്ക് കൂടുതലായി അടുപ്പിക്കാൻ പറ്റിയ സമയമാണിത്. അതുകൊണ്ട് നമ്മുടെ അഹ്മദി വീടുകൾ ഇക്കാര്യത്തിലേക്ക് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ നമുക്ക് അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കിക്കൊണ്ട് നമ്മുടെ പര്യവസാനം ശുഭകരമാക്കാൻ സാധിക്കുന്നതാണ്. അല്ലാഹു നമുക്ക് തഖ്‌വയുടെ യാഥാർഥ്യം മനസ്സിലാക്കുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവിധ രീതിയിൽ വിവിധ അവസരങ്ങളിൽ എന്താണ് 'തഖ്‌വാ' എന്ന് വ്യക്തമാക്കിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാലഘട്ടത്തിലെ സുരക്ഷിതമായ കോട്ടയാണ്. ശക്തമായ അഭയകേന്ദ്രവുമാണ്. അദ്ദേഹം അല്ലാഹുവിൽനിന്ന് മാർഗദർശനം പ്രാപിച്ച് ഇസ്ലാമിന്റെ യഥാർഥ അധ്യാപനം നമുക്ക് വ്യക്തമാക്കിത്തന്നു. വളരെ വേദനയോടെ നമുക്ക് അല്ലാഹുവും റസൂലും പറഞ്ഞ വഴികാണിച്ച് ഈ അഭയകേന്ദ്രത്തിൽ പ്രവേശിച്ചുകൊള്ളാൻ പറഞ്ഞു. അതിനാൽ അവിടന്ന് പറഞ്ഞിട്ടുള്ള കാര്യങ്ങൾ കേട്ട് അതനുസരിച്ച് പ്രവൃത്തിക്കുമെന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ ജമാഅത്തിൽ ചേർന്ന നമ്മുടെ നിർബന്ധ കടമയാണ് ആ പ്രതിജ്ഞ പൂർത്തിയാക്കുക എന്നത്. അവിടത്തെ വേദന നിറഞ്ഞ വാക്കുകളിൽ ചിന്തിച്ച് അതനുസരിച്ച് കർമങ്ങൾ ചെയ്യുക. നമ്മൾ പ്രതിജ്ഞകൾ പൂർത്തിയാക്കുന്നതിനോടൊപ്പം നമ്മുടെ ഇഹലോകവും പരലോകവും സുവർണമാക്കിത്തീർക്കുന്നവരുമാകുക. ഈ നേരത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ സമർപിക്കുന്നതാണ്. വിവിധ മജ്‌ലിസുകളിൽ അവിടുത്തെ ജമാഅത്തംഗങ്ങളുടെ മുന്നിൽ നമ്മുടെ ആത്മീയാഭിവൃദ്ധിക്കും തഖ്‌വയിൽ പുരോഗതി കൈവരിക്കുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചിട്ടുള്ളതാണിത്. തഖ്‌വാ എന്താണ്? അതെന്തിന് കരസ്ഥമാക്കണം? ഇക്കാര്യം വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു:

"തഖ്‌വാ എന്താണെന്നും അതെന്തിനാണെന്നും മനസ്സിലാക്കുക എന്നതാണ് പ്രഥമമായിട്ടുള്ള അത്യാവശ്യ കാര്യം. തഖ്‌വാ എന്നു പറയുന്നത് അതിസൂക്ഷ്മമായ മാലിന്യത്തിൽനിന്നുപോലും രക്ഷപ്പെടുക എന്നതാണ്. അത് കരസ്ഥമാക്കാനുള്ള മാർഗം ഇതാണ്: പാപത്തിന്റെ തീരം വരെപോലും എത്താത്ത രീതിയിൽ മനുഷ്യൻ സമ്പൂർണമായ ഉപായങ്ങൾ ആസൂത്രണം ചെയ്യുക. പിന്നീട് ആ ഉപായങ്ങൾമാത്രം മതി എന്നു മനസ്സിലാക്കാതെ അതിനുവേണ്ടുന്നതായ രീതിയിൽ ദുആ ചെയ്യുക;മൃദുലമാകുക. ഇരുന്നും സുജൂദിലും റുക്കൂയിലും നിന്നും തഹജ്ജുദിലുമെല്ലാം! ചുരുക്കിപ്പറഞ്ഞാൽ അല്ലാഹു പാപത്തിൽനിന്ന് മോക്ഷം നല്കുന്നതിന് എല്ലാ അവസ്ഥയിലും എല്ലാ നേരത്തും ഈ ചിന്തയിലും ദുആകളിലും മുഴുകുക.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'മനുഷ്യൻ പാപത്തിൽനിന്നും തെറ്റുകുറ്റങ്ങളിൽനിന്നും സുരക്ഷിതനും നിഷകളങ്കനും ദൈവദൃഷ്ടിയിൽ നേർമാർഗിയും സത്യസന്ധനും ആയിരിക്കുന്നതിനെക്കാൾ വലിയ ഒരു നിഅ്മത്തുമില്ല.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'പക്ഷേ, കേവലം ഉപായങ്ങൾകൊണ്ടു ഈ നിഅ്മത്ത് ലഭിക്കുകയില്ല; ദുആകൊണ്ടും! പരിശ്രമം മാത്രം പോര. ദുആയും മാത്രംപോര. പ്രത്യുത അത് ലഭിക്കുന്നത് ദുആകളുടേയും ഉപായങ്ങളുടേയും ഒത്തു ചേരൽകൊണ്ടാണ്. രണ്ടു കാര്യവും പാരമ്യതയിലെത്തിക്കാത്തിടത്തോളം അക്കാര്യം കിട്ടുകയില്ല.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ആരാണോ ഉപായങ്ങളൊന്നും ചെയ്യാതെ ദുആകൾ മാത്രം ചെയ്യുന്നത് അവൻ പാപം ചെയ്യുന്നു. അല്ലാഹുവിനെ പരീക്ഷിക്കുന്നു. അങ്ങനെതന്നെ ആരാണോ ദുആ ചെയ്യാതെ ഉപായങ്ങൾമാത്രം ചെയ്യുന്നത് അവനും വികൃതികാണിക്കുകയാണ്. അല്ലാഹുവിനോടു ആശ്രയം ആവശ്യമില്ലെന്ന് പ്രകടിപ്പിച്ച് തന്റെ പദ്ധതിയും ഉപായവും കരബലവുംകൊണ്ട് നന്മ കരസ്ഥമാക്കാനാണ് അവൻ ആഗ്രഹിക്കുന്നത്." ഭുജബലംകൊണ്ട് നന്മകൾ കരസ്ഥമാകുകയില്ല. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'പക്ഷേ, സത്യസന്ധനായ മുഅ്മിന്റേയും മുസ്‌ലിമിന്റേയും രീതി അതല്ല. അവൻ ദുആകളും ഉപായങ്ങളും രണ്ടും പ്രയോജനപ്പെടുത്തുന്നു. പൂർണമായ ഉപായങ്ങളോടു പ്രവൃത്തിക്കുന്നു.' അതായത് ബാഹ്യമായുള്ള കാരണങ്ങളെല്ലാം പൂർത്തിയാക്കുന്നു. 'പിന്നീട് കാര്യം അല്ലാഹുവിൽവിട്ടുകൊണ്ട് ദുആ ചെയ്യുന്നു. ഈ അധ്യാപനമാണ് വിശുദ്ധ ഖുർആന്റെ ആദ്യ സൂറത്തിൽത്തന്നെ നല്കപ്പെട്ടിട്ടുള്ളത്.അത് പറയുന്നു, *ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തയീൻ* തന്റെ കഴിവുകൾകൊണ്ടു പ്രവൃത്തിക്കാത്തവൻ സ്വന്തം കഴിവുകൾ പാഴാക്കിക്കളയുന്നുവെന്ന് മാത്രമല്ല അതിനെ നിന്ദിക്കുകയാണ് ചെയ്യുന്നത്. എന്നല്ല അവൻ പാപമാണ് ചെയ്യുന്നത്.'(മൽഫൂദാത്ത് വാല്യം 6, പേജ് 337–338, 1984 പതിപ്പ്)

പിന്നീട് ആ വിഷയം കൂടുതൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ വിശദീകരിച്ചു. 'എന്തെല്ലാം കഴിവുകളാണോ അല്ലാഹു മനുഷ്യന് പ്രദാനം ചെയ്തിട്ടുള്ളത് അവയെ പൂർണമായും പ്രയോജനപ്പെടുത്തി തുടർന്ന് അതിന്റെ അവസാന ഫലത്തിനായി അല്ലാഹുവിനെ ഏല്പിക്കുന്നു. അല്ലാഹുവിനോടു അവൻ പറയുന്നു, നീ എനിക്കു തൗഫീഖ് നല്കിയത്ര ജോലി ഞാൻ ചെയ്തിരിക്കുന്നു. ഇത് *ഇയ്യാക്ക നഅ്ബുദു* എന്നതിന്റെ അർഥമാണ്. പിന്നീട് *ഇയ്യാക്ക നസ്തയീൻ* എന്നു പറഞ്ഞ് അല്ലാഹുവിനോടു സഹായം തേടുന്നു; തുടർന്ന് അങ്ങോട്ടുള്ള ഘട്ടങ്ങളുടെ പൂർത്തീകരണത്തിന് ഞാൻ നിന്നോടു സഹായം തേടുന്നു.(മൽഫൂദാത്ത് വാല്യം 6, പേജ് 338–339, 1984 പതിപ്പ്)

എന്നാൽ, നമ്മളെപ്പോഴും ഓർമവെക്കേണ്ടതാണ്, അല്ലാഹു നമ്മുടെ ഹൃദയങ്ങളുടെ അവസ്ഥയും നമ്മുടെ എല്ലാ കർമങ്ങളും അറിയുന്നുണ്ട്. അതുകൊണ്ട് നമ്മുടെ അധ്വാനം പാരമ്യതയിലെത്തിച്ച്, കഴിവിന്റെ പരമാവധി പരിശ്രമിച്ച് പിന്നീട് അവനിൽനിന്ന് സഹായം തേടേണ്ടതാണ്. അതിനാൽ ഇക്കാര്യത്തിലും നമ്മുടെ മനസ്സിനെ നല്ലവണ്ണം പരിശോധിക്കേണ്ട ആവശ്യമുണ്ട്; തഖ്‌വായോടുകൂടി നമ്മൾ പ്രവൃത്തിക്കുന്നുണ്ടോ ഇല്ലേ എന്ന് നോക്കേണ്ട ആവശ്യമുണ്ട്.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ചില നേരങ്ങളിൽ മനുഷ്യൻ ഉപായങ്ങൾകൊണ്ടു ഫലമെടുക്കുന്നുണ്ടെന്നതിൽ സംശയമില്ല. എന്നാൽ, ഉപായത്തെ പൂർണമായും വിശ്വസിക്കുക എന്നത് അജ്ഞതയും വിഡ്ഢിത്തവുമാണ്. ഉപായങ്ങളോടൊപ്പം ദുആ ഇല്ലത്തിടത്തോളം അതൊന്നുമല്ല. ദുആയോടൊപ്പം ഉപായമില്ലെങ്കിൽ ഒരു ഫലവുമില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഏതൊരു ജനലിന്റെ വഴിയിലൂടെയാണോ തെറ്റുകുറ്റങ്ങൾ കടന്നു വരുന്നത് ആ ജനലുകൾ ആദ്യം അടയ്ക്കേണ്ടത് നിർബന്ധമാണ്.' പിന്നീട് ഏതു ദ്വാരത്തിലൂടെ അല്ലെങ്കിൽ ഏതൊരു സ്ഥലത്തൂടെ പാപം ഉള്ളിൽ കടക്കുന്നുവോ, ഏതൊരു കാര്യമാണോ പാപവും ധിക്കാരവും കൊണ്ട് ദീനിൽനിന്ന് അകറ്റുന്നതിന് കാരണമാകുന്നത് ആദ്യം ആ കാരണം അകറ്റേണ്ടത് നിർബന്ധമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:'ആദ്യം ജനലടയ്ക്കുക. പിന്നീട് മനസ്സിന്റെ സംഘർഷം അകലുന്നതിന് ദുആ ചെയ്തുകൊണ്ടിരിക്കുക. അതിനാണ് പറഞ്ഞത് *വല്ലദീന ജാഹദൂ ഫീനാ ലനഹ്ദയന്നഹും സുബുലനാ.*'(29:70) ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അതിൽ ഉപായങ്ങളെ കർമരംഗത്ത് കൊണ്ടുവരുന്നതിന് എത്രമാത്രം നിർദേശങ്ങളാണ് നല്കപ്പെട്ടിരിക്കുന്നത്. ഉപായങ്ങൾ സ്വീകരിക്കുമ്പോൾ അല്ലാഹുവിനെ വിട്ടുകളയരുത്. മറുവശത്തു പറഞ്ഞു: *'ഉദ്ഊനീ അസ്തജിബ് ലക്കും*(40:61). മനുഷ്യൻ സമ്പൂർണ തഖ്‌വാ അന്വേഷിക്കുന്നവനാണെങ്കിൽ ഉപായങ്ങൾ സ്വീകരിക്കുകയും ദുആ ഇരക്കുകയും ചെയ്യുക. രണ്ടും ചെയ്യേണ്ട രീതിയിൽ ചെയ്യേണ്ടതാണ്. അത്തരം അവസ്ഥയിൽ അല്ലാഹു അവന്റെ മേൽ കരുണ ചെയ്യുന്നതായിരിക്കും. എന്നാൽ, ഒന്നു ചെയ്യുകയും മറ്റേത് ചെയ്യാതിരിക്കുകയും ചെയ്താൽ പിന്തള്ളപ്പെട്ടവനായിപ്പോകുന്നതാണ്.'(മൽഫൂദാത്ത് വാല്യം 6, പേജ് 338–339, 1984 പതിപ്പ്)

പിന്നീട് ഇതിനെ കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:"മനുഷ്യൻ അത്തരം മാർഗംകൊണ്ട്

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.' (ബുഖാരി, മുസ്‌ലിം)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:മുസ്‌ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

(ഉപായവും ദുആയുംകൊണ്ട്) തഖ്‌വായിൽ നിലകൊള്ളുന്നവനായിത്തീരുന്നു. തുടർന്നു പറഞ്ഞു: 'അല്ലാഹുവിലുള്ള തഖ്‌വാ(തഖ്‌വുല്ലാഹ്) എല്ലാ ഓരോ കർമത്തിന്റേയും വേരാണ്.' മനുഷ്യൻ അത്തരം മാർഗംകൊണ്ട് തഖ്‌വായിൽ നിലകൊള്ളുന്നവനായിത്തീരുന്നു. അത് ഏതു മാർഗമാണ്? അതു മുമ്പേ വിവരിക്കപ്പെട്ടതാണ്. അതായത് ഉപായവും ദുആയും! അത്തരം മാർഗത്തിലൂടെ തഖ്‌വായിൽ നിലകൊള്ളുന്നു. തഖ്‌വുല്ലാഹ് എല്ലാ ഓരോ കർമത്തിന്റേയും വേരാണ്. 'അതില്ലാത്തവൻ ഫാസിഖാണ്; ആജ്ഞാലംഘകനാണ്. തഖ്‌വാകൊണ്ട് കർമങ്ങൾക്ക് സൗന്ദര്യമുണ്ടാകുന്നു.' തഖ്‌വാ തന്നെയാണ് കർമങ്ങൾക്ക് മനോഹാരിത ഉണ്ടാക്കുന്നത്. "അതുമുഖേന അല്ലാഹുവിന്റെ സാമീപ്യം ലഭിക്കുന്നു. അതുമുഖേന അല്ലാഹുവിന്റെ വലിയ്യ് ആയിത്തീരുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: *ഇൻ ഔലിയാഉഹൂ ഇല്ലൽ മുത്തഖൂൻ*(8:35) അതിന്റെ (യഥാർഥ) രക്ഷാധികാരികൾ ദോഷബാധയെ സൂക്ഷിക്കുന്നവർ മാത്രമാണ്.

*ഇൻ ഔലിയാഉഹൂ ഇല്ലൽ മുത്തഖൂൻ* എന്നതിനെ വിശദീകരിച്ചുകൊണ്ടു പറഞ്ഞു: 'വിലായത്തിന്റെ ഭാഗം തഖ്‌വയിൽത്തന്നെയാണ്. അല്ലാഹുവിനെ പേടിച്ചും വിറച്ചുംകൊണ്ട് അത് കരസ്ഥമാക്കുകയാണെങ്കിൽ പാരമ്യതയിലെത്തുന്നതായിരിക്കും. (മൽഫൂദാത്ത് വാല്യം 6, പേജ് 340, അടിക്കുറിപ്പോടെ)

അല്ലാഹുവിന്റെ ഔലിയാഅ് ആകണോ, അതു തഖ്‌വാ കൊണ്ടാണ് ലഭിക്കുന്നത്. അല്ലാഹുവിനോടുള്ള ഭയം മനസ്സിലിരിക്കുകയാണെങ്കിൽ അവനെ ഭയപ്പെട്ടുകൊണ്ടിരിക്കുകയാണെങ്കിൽ മനഷ്യന് ഉന്നതിയിലെത്താൻ കഴിയുന്നതാണ്.

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:"തഖ്‌വായുടെ ഒരു ഘട്ടവും ബാക്കിയാവാതെ സമ്പൂർണമായ നിലയിലാകുമ്പോൾ ഔ ലിയാഉല്ലായിൽ പ്രവേശിക്കുന്നതാണ്. തഖ്‌വാ യഥാർഥത്തിൽ അതിന്റെ സമ്പൂർണ പദവിയിൽ ഒരു മരണമാണ്. കാരണം ദോഷപ്രവണമായ ആത്മാവിന്റെ മുഴുവൻ വശങ്ങളേയും എതിർക്കുമ്പോൾ ആ ആത്മാവ് മരിക്കുന്നതായിരിക്കും. അതുകൊണ്ടാണ് *മൂത്തൂ ഖബ്‌ല അൻതമൂത്തൂ* എന്ന് പറയപ്പെട്ടത്. ദോഷപ്രവണമായ ആത്മാവ് ബാഹ്യമായ ആസ്വാദനങ്ങളുടെ കാമുകനായിരിക്കും. മറഞ്ഞിരിക്കുന്ന ആസ്വാദനങ്ങളെ സംബന്ധിച്ച് തികച്ചും അജ്ഞനുമായിരിക്കും. അതായത് അല്ലാഹുവിന്റെ ആത്മീയമായ ആസ്വാദനങ്ങൾ മറഞ്ഞിരിക്കുന്നതാണ്. അത് അവർ അറിയുകയേയില്ല. ബാഹ്യമായ ലോകത്തിന്റെ വർണപ്പൊലിമയാണ് മനുഷ്യൻ അറിയുന്നത്. ദോഷപ്രവണമായ ആത്മാവ് അതാണ് ആഗ്രഹിക്കുന്നത്. അതിനെ ജാഗ്രതപ്പെടുത്തുന്നതിന് ആദ്യം ബാഹ്യമായ ആസ്വാദനങ്ങളിൽ ഒരു മരണമുണ്ടാകണം. പിന്നീടാണ് ആത്മാവ് മറഞ്ഞിരിക്കുന്ന ആസ്വാദനങ്ങൾ അറിയുന്നത്.' ബാഹ്യമായ ആസ്വാദനങ്ങളിൽ മരണമുണ്ടാകണം. അതു കഴിഞ്ഞ് മറഞ്ഞിരിക്കുന്ന ആസ്വാദനങ്ങൾ അവൻ അറിയാൻ തുടങ്ങുമ്പോൾ സ്വർഗീയ ജീവിതത്തിന്റെ മാതൃക തുടങ്ങുന്നതായിരിക്കും.' ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതു സംബന്ധമായി ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറയുന്നു: 'അതിനാൽ നമ്മുടെ ജമാഅത്ത് ദോഷപ്രവണമായ ആത്മാവിന്റെമേൽ മരണം വരിക്കേണ്ടതാണ്.' ഇത് ഏതെങ്കിലും ഔലിയാക്കന്മാർക്കോ ആത്മീയമായി ഉത്തുംഗസ്ഥാനത്തെത്തിയവർക്കോ ഉള്ള ഉപദേശമല്ല. മറിച്ച് ജമാഅത്തിലെ സാധാരണക്കാരായ ആളുകൾക്കുള്ള ഹദ്റത്ത് മസീഹ് മൗ ഊദ്(അ)ന്റെ ഉപദേശമാണ്. ഈ സ്ഥാനത്തെത്താൻ അല്ലാഹുവിന്റെ ഒരു പ്രത്യേക പദവി വേണമെന്നും എല്ലാ ആത്മാവിനും അവിടെ എത്താൻ കഴിയുകയില്ലെന്നും മനസ്സിലാക്കരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിനെ പൊതുവായാണ് ഉപദേശിച്ചിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നമ്മുടെ ജമാഅത്ത് ദോഷപ്രവണമായ ആത്മാവിന്റെ മേൽ മരണം വരിക്കുന്നതിനും തഖ്‌വാ ലഭിക്കുന്നതിനും ഒന്നാമതായി വ്യായാമം ചെയ്യുക; കുട്ടികൾ അക്ഷരം എഴുതി പഠിക്കുന്നതുപോലെ. അവർ ആദ്യമൊക്കെ വളച്ചും തിരിച്ചുമൊക്കെയാണ് വാക്കുകൾ എഴുതുക. അവസാനം അഭ്യാസം ചെയ്ത് ചെയ്ത് സ്വയമേവ വ്യക്തവും നേരേയും അക്ഷരങ്ങൾ എഴുതിത്തുടങ്ങുന്നു. ഇതേ പ്രകാരം അവരും അഭ്യാസം ചെയ്യേണ്ടതാണ്. അല്ലാഹു അവരുടെ കഠിനപ്രയത്നം കാണുമ്പോൾ സ്വയം അവരിൽ കരുണ ചൊരിയുന്നതാണ്." ഇതിനു മുമ്പേ പറഞ്ഞ *വല്ലദീന ജാഹദൂ ഫീനാ* എന്നതിനെ കൂടുതൽ വ്യക്തമാക്കുകയാണ്. *വല്ലദീന ജാഹദൂ ഫീനാ* എന്നതിൽ കഠിനാധ്വാനം കൊണ്ടുള്ള ഉദ്ദേശ്യം പ്രസ്തുത അഭ്യാസം തന്നെയാണ്.' മനുഷ്യൻ കഠിനപ്രയത്നം ചെയ്യുകയും അല്ലാഹുവിനോടു ദുആ ഇരക്കുകയും ചെയ്യുക; അപ്പോൾ അല്ലാഹു കരുണ ചെയ്യുന്നു. പിന്നീട് അതിൽ ഫലം പിടിപ്പിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഇതിൽ മുജാഹദ കൊണ്ടുള്ള ഉദ്ദേശ്യം അതേ അഭ്യാസം തന്നെയാണ്; കുട്ടി അഭ്യാസം ചെയ്ത് പഠിക്കുന്നതുപോലെ. ഒരു ഭാഗത്ത് ദുആ ചെയ്യുന്നു. മറുഭാഗത്ത് അതിനോടൊപ്പം പൂർണമായും ഉപായങ്ങൾ ചെയ്യുന്നു. അവസാനം അല്ലാഹുവിന്റെ ഫള്ൽ വരുന്നു. ദോഷപ്രവണമായ ആത്മാവിന്റെ ആവേശവും തിളപ്പും അമർന്നു പോകുന്നു; തണുത്തുപോകുന്നു; തീയിൽ വെള്ളമൊഴിക്കുമ്പോൾ ഉണ്ടാകുന്ന അവസ്ഥപോലെ! ഒരുപാടാളുകൾ ദോഷപ്രവണമായ ആത്മാവിന് അടിപ്പെട്ടിരിക്കുകയാണ്.'

ജമാഅത്തിന്റെ ആഭ്യന്തരമായ പരിഷ്കരണത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:"ജമാഅത്തിൽ പരസ്പരം കലഹമുണ്ടാകുന്നതായി ഞാൻ കാണുന്നു.' തമ്മിൽത്തമ്മിൽ വഴക്കടുന്നു. പസ്പരം വൈരാഗ്യം വെച്ചു പുലർത്തുന്നു. അകൽച്ചയുമുണ്ട്. അതുണ്ടാകുന്നതുമാണ്. 'നിസാരമായ പിണക്കം കൊണ്ട് പരസ്പരം അഭിമാനത്തിനുമേൽ ആക്രമണം നടത്താൻ തുടങ്ങുന്നു. തന്റെ സഹോദരനുമായി വഴക്കിടുന്നു. ഇത് അങ്ങേയറ്റം അനുചിതമായ കാര്യങ്ങളാണ്. ഇതുണ്ടാകാൻ പാടില്ലാത്തതാണ്. എന്നല്ല ഒരാൾ തെറ്റു സമ്മതിച്ചാൽ എന്തു കുഴപ്പമുണ്ടാകാനാണ്?' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:'ചിലയാളുകൾ നിസാര കാര്യത്തിൽ മറ്റവനെ നിന്ദിക്കാതെ കണ്ട് പിന്നിൽ നിന്ന് മാറുന്നില്ല. ഇത്തരം കാര്യങ്ങളിൽനിന്ന് പിന്മാറേണ്ടത് നിർബന്ധമാണ്. 'സത്താർ' എന്നത് അല്ലാഹുവിന്റെ പേരാണ്. പിന്നെന്തുകൊണ്ട് ഇവർ തങ്ങളുടെ സഹോദരന്റെമേൽ കരുണ കാണിക്കുന്നില്ല. മാപ്പു കൊടുക്കുന്നില്ല. തെറ്റുകൾ മറച്ചുവെക്കുന്നില്ല. തങ്ങളുടെ സഹോദരന്റെ തെറ്റുകുറ്റങ്ങൾ മറച്ചുവെക്കേണ്ടതാണ്. അവന്റെ അഭിമാനത്തിന്റേയും അന്തസിന്റേയും മേൽ ആക്രമണം നടത്തരുത്.'

വീണ്ടും അവിടന്ന് പറഞ്ഞു: 'തനിക്കെതിരിൽ അല്പമാത്ര കാര്യം കേൾക്കുമ്പോൾത്തന്നെ കോപാകുലരാകുന്ന ആളുകൾ ജമാഅത്തിലുണ്ട്. വാസ്തവത്തിൽ അത്തരത്തിലുള്ള എല്ലാ വികാരാവേശങ്ങളേയും കൈവെടിയേണ്ടത് വളരെ ആവശ്യമാണ്. വിനയവും സഹിഷ്ണുതയും സ്വഭാവത്തിലുണ്ടാകാൻ അത് അവസാനിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഒരു ചെറിയ കാര്യത്തിൽ വിവാദമുണ്ടാകാൻ തുടങ്ങുമ്പോൾ പരസ്പരം പരാജയപ്പെടുത്താനുള്ള വ്യഗ്രതയാണ് പെരുമാറ്റത്തിൽ കാണുന്നത്.' എങ്ങനെ മറ്റവനെ ഇക്ഴത്തിക്കാണിക്കണമെന്ന്! എങ്ങനെ തനിക്ക് വിജയിക്കാൻ കഴിയുമെന്ന്! അത്തരം അവസരത്തിൽ ആത്മാവിന്റെ ആവേശത്തിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. ഫസാദ് ഒഴിവാക്കുന്നതിന് ചെറിയ ചെറിയ കാര്യങ്ങളിൽ മനഃപൂർവം നിന്ദ്യത സ്വീകരിക്കേണ്ടതാണ്. പോരാട്ടത്തിൽ തന്റെ മറ്റെ സഹോദരനെ നിന്ദിക്കാൻ ഒരിക്കലും ശ്രമിക്കരുത്. (മൽഫൂദാത്ത് വാല്യം 6, പേജ് 341–342)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "മറ്റുളളവരുടെ തെറ്റു കണ്ടു പിടിച്ച് പരസ്യപ്പെടുത്തുക എന്നത് വലിയ അഹങ്കാരത്തിന്റെ വേരാണ്." പറഞ്ഞു: 'തന്റെ സഹോദരന്റെമേൽ വിജയം വരിക്കുക എന്ന ചിന്ത അഹങ്കാരത്തിന്റെ ഒരു വേരാണ്.' അഹങ്കാരത്തിന്റെ വേര് അതായത് മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ കണ്ടുപിടിച്ച് പരസ്യപ്പെടുത്തുക എന്നത് ആദ്യമെ വിവരിച്ചതാണ്. അത് കൂടുതൽ വിശദീകരിച്ചുകൊണ്ട് പറയുന്നു: തന്റെ സഹോദരനുമേൽ വിജയം കരസ്ഥമാക്കണമെന്ന ചിന്തയും അഹങ്കാരത്തിന്റെ ഒരു വേരാണ്. അയാൾ തന്റെ സഹോദരന്റെ ന്യൂനത പരസ്യപ്പെടുത്താൻ പ്രേരിപ്പിക്കുന്നുവെന്നതാണ് വലിയ രോഗം.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'അത്തരം കാര്യങ്ങളാൽ ആത്മാവ് ദുഷിക്കുന്നു. അതിൽനിന്ന് വിട്ടുനിൽക്കേണ്ടതാണ്. ചുരുക്കിപ്പറഞ്ഞാൽ ഈ എല്ലാ കാര്യങ്ങളും തഖ്‌വായിൽപ്പെടുന്നതാണ്. ബാഹ്യവും ആന്തരികവുമായ കാര്യങ്ങളിൽ തഖ്‌വയോടുകൂടി പ്രവൃത്തിക്കുന്നവൻ മലക്കുകളിൽ പ്രവേശിപ്പിക്കപ്പെടുന്നു. കാരണം അവനിൽ ഒരു ധിക്കാരവും അവശേഷിക്കുന്നില്ല. തഖ്‌വാ

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്‌ലിം)***

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരുനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

കരസ്ഥമാക്കുക. കാരണം തഖ്വയ്ക്കുശേഷമാണ് അല്ലാഹുവിന്റെ ബർക്കത്തുകൾ വരുന്നത്. മുത്തഖി ലോകത്തിലെ ബലാകളിൽനിന്ന് രക്ഷിക്കപ്പെടുന്നു. അല്ലാഹു അവന്റെ തെറ്റുകുറ്റങ്ങൾ മറച്ചുവെക്കുന്നു. ഈ മാർഗം സ്വായത്തമാക്കാത്തിടത്തോളം ഒരു ഫലവുമില്ല. അത്തരക്കാർ എനിക്കു ചെയ്ത ബയ്അത്തിൽനിന്ന് ഒരു ഫലവും എടുക്കുകയുമില്ല.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഓർക്കുക ബയ്അത്ത് നാവുകൊണ്ട് ഏറ്റുപറയുന്ന ഒരു വസ്തുവല്ല. അല്ലാഹു ആത്മാവിന്റെ പരിശുദ്ധിയാണ് ആഗ്രഹിക്കുന്നത്.' ഇതില്ലെങ്കിൽ ഫലമൊന്നുമുണ്ടാകുകയില്ല. 'ഇനി ഫലമുണ്ടാകുകയാണെങ്കിൽത്തന്നെ എങ്ങനെ? ഒരു ദ്രോഹം ഉള്ളിൽത്തന്നെ കുടിയിരിക്കുകയാണല്ലോ. അതേ! ദ്വേഷവും അഹങ്കാരവും അഹന്തയും ധിക്കാരവും പ്രദർശനപരതയും കോപവും ബാക്കിയുണ്ടെങ്കിൽ–അതു മറ്റുള്ളവരിലും അത് ഉള്ളതാണല്ലോ–വ്യത്യാസമെന്താണുള്ളത്?'

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് കൂടുതലായി ഇങ്ങനെ വിവരിച്ചിരിക്കുന്നു: 'അതുകൊണ്ട് നിങ്ങളുടെ ആത്മാക്കളിൽ പരിവർത്തനമുണ്ടാക്കുക. സൽസ്വഭാവങ്ങളുടെ ഉത്തമമാതൃക കരസ്ഥമാക്കുക.' അവിടന്ന് പറഞ്ഞു: 'ഭാഗ്യവാൻ ഒരാൾ മാത്രമെ ഉള്ളുവെങ്കിലും, ഗ്രാമത്തിൽ ആ ഒരാൾ മാത്രമെ ഉള്ളുവെങ്കിലും ജനങ്ങൾ അത്ഭുതസിദ്ധിയെന്നപോലെ അയാളിൽ ആകർഷിതരാകും.' നല്ല മനുഷ്യനുണ്ടാകുക, സൽപ്രകൃതക്കാരനുണ്ടാകുക, വിനയനുണ്ടാകുക പറഞ്ഞു, ജനങ്ങൾ അത്ഭുതസിദ്ധിയെന്നപോലെ അയാളെ ആകർഷിക്കുന്നതായിരിക്കും. ഇത് തബ്ലീഗ് ചെയ്യാനുള്ള ഒരു മാർഗവും കൂടിയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'നല്ല മനുഷ്യൻ അല്ലാഹുവിനെ ഭയന്ന് നന്മ സ്വായത്തമാക്കുന്നു. അവനിൽ ഒരു ദൈവദത്തമായ ഭയമുണ്ടാകുന്നു. ഇയാൾ ദൈവാനുഭൂതി ഉണ്ടായിട്ടുള്ള ഭക്തനാണെന്ന് മനസ്സുകളിൽ പതിയുന്നു.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'എങ്ങനെയുള്ള ശത്രുതയാണെങ്കിലും പതുക്കെപ്പതുക്കെ സകലതും സ്വയമേവ അയാൾക്ക് വിധേയമായിത്തീരുന്നതായിരിക്കും. അയാളെ നിന്ദിക്കുന്നതിനു പകരം അയാളുടെ മഹത്ത്വം പറയാൻ തുടങ്ങും.' അവിടന്ന് പറഞ്ഞു: 'ഇതു തികച്ചും സത്യമായ കാര്യമാണ്. അല്ലാഹുവിൽനിന്ന് വരുന്നതാണ്. അല്ലാഹു തന്റെ മഹത്ത്വത്തിൽനിന്ന് അവന് വിഹിതം നല്കുന്നു. ഇതേ രീതിയാണ് സൗശീല്യത്തിന്റേത്. അതിനാ ൽ ഓർമിക്കുക! ചെറിയ ചെറിയ കാര്യങ്ങളിൽ സഹോദരങ്ങളെ വിഷമിപ്പിക്കുന്നത് ശരിയല്ല. നബി(സ)തിരുമേനി സകല ഉൽകൃഷ്ട സ്വഭാവങ്ങളുടേയും സമ്പൂർണനാണ്. അക്കാലത്ത് അല്ലാഹു അവസാന മാതൃക നബി(സ) തിരുമേനിയിലൂടെ സ്ഥാപിച്ചത് സൽസ്വഭാവത്തിന്റേതായിരുന്നു.' അവിടന്ന് പറഞ്ഞു: ഇക്കാലത്തും അതേ ജീവിതം തന്നെയാണെങ്കിൽ അങ്ങേയറ്റം കഷ്ടമാണ്. നിർഭാഗ്യമാണ്. അതുകൊണ്ട് മറ്റുള്ളവരുടെമേൽ ദോഷം ആരോപിക്കരുത്. കാരണം ചില നേരങ്ങളിൽ മനുഷ്യൻ മറ്റുള്ളവരുടെമേൽ ദോഷം ആരോപിച്ച്–ആരോപിതനിൽ ആ ദോഷമില്ലെങ്കിൽ സ്വയം അതിൽ പിടിക്കപ്പെടാറുണ്ട്. നിങ്ങൾ ആരോപണം ഉന്നയിച്ചിട്ടുണ്ടെങ്കിൽ സ്വയം പിടിത്തത്തിൽ അകപ്പെടുന്നതായിരിക്കും. ഇനി സ്വയം ആ ആരോപണം യഥാർഥത്തിൽ അയാളിലുണ്ടെങ്കിൽ അയാളുടെ കാര്യം അല്ലാഹുവുമായിട്ടാണ്. എന്നാലും നിങ്ങൾക്ക് ദോഷം ആരോപിക്കേണ്ട ഒരു ആവശ്യവുമില്ല. ദോഷമുണ്ടെങ്കിൽ അവന്റെ കാര്യം അല്ലാഹുവുമായിട്ടാണ്. ഇല്ലെങ്കിൽ പറയുന്നത് നിങ്ങളിൽ പതിയാൻ സാധ്യതയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: തങ്ങളുടെ സഹോദരങ്ങളുടെമേൽ അവിശുദ്ധമായ ആരോപണം ഉന്നയിക്കുക എന്നത് ഒരുപാടാളുകളുടെ ശീലമാണ്. അതിൽനിന്ന് വിട്ടു നില്ക്കുക. മനുഷ്യകുലത്തിന് ഗുണം ചെയ്യുക. നിങ്ങളുടെ ഭാര്യമാരോടു നല്ല രീതിയിൽ പെരുമാറുക. അയൽവാസികളോടു നല്ല രീതിയിൽ പെരുമാറുക. നിങ്ങളുടെ സഹോദരങ്ങളോടു നല്ല രീതിയിൽ പെരുമാറുക. ഏറ്റവുമാദ്യം ശിർക്കിൽനിന്ന് രക്ഷപ്പെടുക. ഇതാണ് തഖ്വായുടെ അടിക്കല്ല്.(മൽഫൂദാത്ത് വാള്യം 6, പേജ് 340–344 അടിക്കുറിപ്പോടുകൂടി, 1984 പതിപ്പ്)

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'തഖ്വായുടെ അർഥം തിന്മയുടെ അതിസൂക്ഷ്മമായ വഴികളിൽനിന്ന് രക്ഷപ്പെടുക എന്നതാണ്. എന്നാൽ, ഓർക്കുക. ഒരാൾ താൻ നല്ലവനാണെന്ന് പറയുന്നതുകൊണ്ടുമാത്രം അത് നന്മയാകുകയില്ല; താൻ ആരുടേയും ധനം അപഹരിച്ചിട്ടില്ല, കൊള്ളനടത്തിയിട്ടില്ല, മോഷ്ടിച്ചിട്ടില്ല, ദുർന്നോട്ടം ചെയ്തിട്ടില്ല, വ്യഭിചരിച്ചിട്ടില്ല എന്നൊക്കെ ഒരാൾ പറഞ്ഞാൽ അത്തരം നന്മ ദൈവജ്ഞാനികളുടെ പക്കൽ പരിഹാസാർഹമാണ്. കാരണം അവർ തിന്മകൾക്കിരയാകുകയാണെങ്കിൽ മോഷണവും കൊള്ളയും നടത്തുകയാണെങ്കിൽ അയാൾക്ക് ഇവിടെ ശിക്ഷ കിട്ടുന്നതായിരിക്കും. അതിനാൽ അതൊരു നന്മയല്ല; അത് ദൈവജ്ഞാനിയുടെ ദൃഷ്ടിയിൽ അഭിമാനാർഹവുമല്ല. എന്നല്ല യഥാർഥവും വസ്തുതാപരവുമായ നന്മ മനുഷ്യകുലത്തിന് സേവനം ചെയ്യുകയും അല്ലാഹുവിന്റെ വഴിയിൽ പൂർണമായ സത്യസന്ധതയും കൂറും കാണിക്കുകയുമാണ്. അവന്റെ വഴിയിൽ ജീവൻ നല്കേണ്ടിവന്നാൽ അതിനും തയ്യാറായിരിക്കുക. അതുകൊണ്ടാണ് ഇവിടെ പറഞ്ഞത് *ഇന്നല്ലാഹ മഅല്ലദീനത്തഖൗ വ്വല്ലദീനഹും മ്മുഹ്സിനൂൻ*(17:129) സൂക്ഷ്മത കൈക്കൊള്ളുകയും നന്മ ചെയ്യുകയും ചെയ്യുന്നവരാരോ തീർച്ചയായും അല്ലാഹു അവരുടെ കൂടെയാകുന്നു. നല്ലവണ്ണം ഓർക്കുക, കേവലം തിന്മ ഉപേക്ഷിക്കൽ വലിയ നന്മയൊന്നുമല്ല; അതിനോടൊപ്പം നന്മകൾ ചെയ്യാത്തിടത്തോളം!' (മൽഫൂദാത്ത് വാള്യം 6 പേജ് 241–242)

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തീർച്ചയായും മനസ്സിലാക്കുക. എല്ലാ ഓരോ പവിത്രഹൃദയത്വത്തിന്റേയും നന്മയുടേയും യഥാർഥ വേര് അല്ലാഹുവിൽ വിശ്വസിക്കുക എന്നതാണ്. മനുഷ്യന്റെ ദൈവത്തിലുള്ള വിശ്വാസം ദുർബലമാകുന്തോറും സൽക്കർമങ്ങളിലും ക്ഷീണവും മടിയുമുണ്ടാകുന്നു. എന്നാൽ, ഈമാൻ ശക്തമാണെങ്കിൽ അല്ലാഹു പറയുന്നു, അല്ലാഹുവിലുള്ള വിശ്വാസം ശക്തമാണെങ്കിൽ കർമങ്ങളും നല്ലതായിരിക്കും. ഈമാൻ ശക്തമാകുകയും അല്ലാഹുവിനെ അവന്റെ എല്ലാ സമ്പൂർണമായ ഗുണവിശേഷങ്ങളോടുമൊപ്പം ദൃഢമായി വിശ്വസിക്കുകയുമാണെങ്കിൽ അത്രമാത്രം അത്ഭുതകരമായ നിലയിൽ മാറ്റം മനുഷ്യന്റെ കർമങ്ങളിലുണ്ടാകുന്നു.' അല്ലാഹുവിന്റെ സ്വിഫത്തുകളിൽ തികഞ്ഞ വിശ്വാസമുണ്ടാകുകയാണെങ്കിൽ അത്ഭുതകരമായ നിലയിൽ മാറ്റം മനുഷ്യന്റെ കർമങ്ങളിലും ഉണ്ടാകുന്നു. 'അല്ലാഹുവിൽ വിശ്വസിക്കുന്നവൻ പാപം ചെയ്യാൻ കഴിവുള്ളവനായിരിക്കുകയില്ല. കാരണം ആ വിശ്വാസം അവന്റെ ശരീരേച്ഛകളുടെ ശക്തികളേയും പാപം ചെയ്യുന്ന അവയവങ്ങളേയും മുറിച്ചിടുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ആരുടെയെങ്കിലും കണ്ണുകൾ ചൂഴ്ന്നെടുക്കുകയാണെങ്കിൽ ആ കണ്ണുകൾകൊണ്ട് ദുർന്നോട്ടം നടത്താൻ കഴിയുന്നതെങ്ങനെ? കണ്ണുകൾകൊണ്ട് പാപങ്ങൾ ചെയ്യുന്നതെങ്ങനെ? അപ്രകാരംതന്നെ കൈകൾ മുറിച്ചു കളയുകയാണെങ്കിൽ അതുകൊണ്ടുള്ള പാപം എങ്ങനെ ചെയ്യാനാണ്?" ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'ഇതുപോലെ തന്നെയാണ് ഒരു മനുഷ്യൻ ശാന്തിപ്രാപിച്ച ആത്മാവിന്റെ അവസ്ഥയിലുണ്ടാകുന്നത്. നഫ്സെ മുത്മഇന്ന–ശാന്തിപ്രാപിച്ച ആത്മാവ് അവനെ അന്ധനാക്കുന്നു. അവന്റെ കണ്ണുകളിൽ പാപം ചെയ്യാനുള്ള ശക്തി ഉണ്ടാകുകയില്ല. അവൻ കാണുന്നുണ്ട്; എന്നാൽ, കണ്ണുകളുടെ പാപം കാണുന്നുമില്ല. നോക്കുന്നുണ്ടാകും എന്നാൽ, ദുർന്നോട്ട ദൃഷ്ടിയോടെ നോക്കുകയില്ല. പാപത്തിന്റെ ദൃഷ്ടിയാൽ നോക്കുകയില്ല. കണ്ണുകളുടെ പാപത്തിന്റെ ദൃഷ്ടി കൊഴിഞ്ഞു പോകുന്നു. അവന് ചെവിയുണ്ടാകും; എന്നാൽ, ബധിരനായിരിക്കും.' കേൾക്കുന്നു, എന്നാൽ, തെറ്റായ കാര്യങ്ങൾ കേൾക്കുകയില്ല. പാപപരമായ കാര്യങ്ങൾ കേൾക്കുകയില്ല. ഇതേപോലെ അവന്റെ എല്ലാ ശരീരേച്ഛകളും ആഭ്യന്തരമായ അവയവങ്ങളും ഛേദിക്കപ്പെടുന്നു. പാപങ്ങളുണ്ടാകാവുന്ന അവന്റെ സർവ ശക്തികളുടേയുംമേൽ ഒരു മരണം സംഭവിക്കുന്നു. അവൻ പൂർണമായും ഒരു മയ്യിത്തുപോലെയായിത്തീരുന്നു. അല്ലാഹുവിന്റെ ഇഷ്ടത്തിന് വിധേയനായിത്തീരുന്നു. അവനെക്കൂടാതെ ഒരു ചുവടുപോലും മുന്നോട്ടുവെക്കാൻ സാധിക്കുകയില്ല. അല്ലാഹുവിൽ സത്യസന്ധമായ വിശ്വാസമുണ്ടെങ്കിൽ ഇതായിരിക്കും അവന്റെ അവസ്ഥ. തൽഫലമായി സമ്പൂർണ ശക്തി അവന് നല്കപ്പെടുന്നു.' അവിടന്ന് പറയുന്നു: 'ഈ സ്ഥാനമാണ് മനുഷ്യന്റെ യഥാർഥ ലക്ഷ്യമായിരിക്കേണ്ടത്.' പിന്നീട് മനുഷ്യന്റെ യഥാർഥ ഉദ്ദേശ്യമായിരിക്കേണ്ടതെന്താണ് എന്നതിനെ കുറിച്ച് ജമാഅത്തിനോടു പറഞ്ഞു: 'നമ്മുടെ ജമാഅത്തിന് ഇതിന്റെ ആവശ്യമുണ്ട്. സമ്പൂർണ ശാന്തി കരസ്ഥമാക്കുന്നതിന് സമ്പൂർണ ഈമാനിന്റെ ആവശ്യമുണ്ട്. അതിനാൽ നമ്മുടെ ജമാഅത്തിന്റെ ആദ്യത്തെ നിർ


**ഹദീഥുന്നബ്വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,***
***'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'***
***(മുസ്ലിം)***

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**ഹദീസുന്നബ്വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്ലിം)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

ബന്ധ കടമ, അവർ അല്ലഹുവിൽ സത്യസന്ധമായ ഈമാൻ കരസ്ഥമാക്കണം എന്നതാകുന്നു.'(മൽഫൂദാത്ത് വാള്യം 6, പേജ് 244–245)

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു പരിശുദ്ധനാക്കാത്തിടത്തോളം നിങ്ങൾക്ക് പരിശുദ്ധനാകാൻ സാധിക്കുകയില്ല. അല്ലാഹുവിന്റെ വാതിൽക്കൽ വണക്കത്തോടും വിനയത്തോടും കൂടി അവന്റെ ആത്മാവ് വീഴുമ്പോൾ, അല്ലാഹു അവന്റെ ദുആ സ്വീകരിക്കുന്നതായിരിക്കും. അവൻ മുത്തഖിയാകുന്നതായിരിക്കും. അപ്പോഴാണ് അവൻ നബി(സ)തിരുമേനിയുടെ ദീനിനെ മനസ്സിലാക്കാൻ അർഹനായിത്തീരുന്നത്. അതുകൂടാതെ അവൻ എന്തൊന്നിനെ അവൻ ദീൻ ദീൻ എന്നു പറഞ്ഞു വിളിക്കുകയും ആരാധന തുടങ്ങിയവ നടത്തുകയും ചെയ്യുന്നുവോ അതൊരു ആചാരപരമായ കാര്യവും ധാരണയുമാണ്. പൂർവികന്മാരുടെ വിശ്വാസത്തിൽനിന്ന് കേട്ടും കേൾപിച്ചും അനുഷ്ഠിക്കുകയാണ്.' പിതാവും പിതാമഹനും ചെയ്തുവന്നത് ഞാനും ചെയ്യുന്നു. അത്രമാത്രം. 'ഒരു യാഥാർഥ്യവും ആത്മീയതയും അവന്റെ ഉള്ളിലില്ല.'(മൽഫൂദാത്ത് വാള്യം 6, പേജ് 228, 1984 പതിപ്പ്)

അതിനാൽ ഇതാണ് തഖ്‌വായുടെ ആ നിലവാരം. ദീനിനെ അറിയുന്നതിനും മനസ്സിലാക്കുന്നതിനും കർമം ചെയ്യുന്നതിനുമുള്ള നിലവാരം ഇതാണ്. ഇതു കരസ്ഥമാക്കുന്നതിലേക്കാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ ശ്രദ്ധ ക്ഷണിച്ചിട്ടുള്ളത്. ഇതിനായി നമ്മൾ പരിശ്രമിക്കേണ്ടതാണ്. നമ്മുടെ കർമങ്ങളോടു കൂടി അല്ലാഹുവിന്റെ തിരുസന്നിധിയിൽ വിനയത്തോടെ കുനിഞ്ഞ് അവനോടു സഹായം തേടേണ്ടതാണ്. അല്ലാഹു നമുക്ക് ഈ നിലവാരം കരസ്ഥമാക്കാനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രതീക്ഷയ്ക്കൊത്ത് പൂർണമായും ഇറങ്ങാനുമുള്ള തൗഫീഖ് നല്കുമാറാകട്ടെ. ഇതാണ് തഖ്‌വാ!

പിന്നീട് അടുത്ത വചനങ്ങളിൽ നോമ്പിലുള്ള ഇളവിനെ കുറിച്ചാണ് വിശദീകരിച്ച് പറഞ്ഞിട്ടുള്ളത്. അത് ശരിയായ നിലയിൽ ഉപയോഗിക്കാനും തൗഫീഖ് നല്കുമാറാകട്ടെ. ഇത് ഓരോ മനുഷ്യന്റേയും അവന്റെ അവസ്ഥയ്ക്കനുസരിച്ച് തഖ്‌വയോടെ പ്രവർത്തിക്കണമെന്ന നിബന്ധനയോടെ അല്ലാഹു വിട്ടിരിക്കുന്നു. നോമ്പ് പിടിക്കാൻ കഴിവില്ലെങ്കിൽ നോമ്പു പിടിച്ചാൽ രോഗം പ്രയാസമുണ്ടാക്കുമെങ്കിൽ, ഡോക്ടർ നോമ്പു പിടിക്കുന്നത് വിലക്കിയിട്ടുണ്ടെങ്കിൽ ഫിദ്‌യ കൊടുക്കേണ്ടതാണ്. പക്ഷേ, തന്ത്രങ്ങൾ തിരഞ്ഞുനടന്ന് ഫിദ്‌യ ദുരുപയോഗം ചെയ്യരുത്. എന്നല്ല സൽക്കർമത്തിന്റെ അനുസരണം നിർബന്ധമാണെന്നും പറഞ്ഞു. അല്ലാഹു എങ്ങനെയാണ് ആ പ്രവൃത്തി ചെയ്യാൻ കല്പിച്ചിട്ടുള്ളതെന്ന് നോക്കുക. ആഴത്തിൽച്ചെന്ന്, തഖ്‌വയുലൂടെ നടന്ന് ആരെങ്കിലും സ്വയം തന്നെ പരിശോധിക്കുകയാണെങ്കിൽ നോമ്പു പിടിക്കുന്നതാണോ അതല്ല ഫിദ്‌യ കൊടുക്കുന്നതാണോ നല്ലതെന്ന് മനസ്സിലാകുന്നതാണ്. അല്ലാഹു തുടർന്ന് വീണ്ടും വ്യക്തമാക്കി: രോഗിയാണെങ്കിൽ യാത്രയിലാണെങ്കിൽ നോമ്പു പിടിക്കരുത്. കാരണം അല്ലാഹു ബുദ്ധിമുട്ടിക്കാനാഗ്രഹിക്കുന്നില്ല. രോഗം ഭേദമായാൽ വിട്ടുപോയ നോമ്പ് പിടിച്ചുവീട്ടുക. ഫിദ്‌യ കൊടുത്തെങ്കിൽത്തന്നെയും യാത്രയുടെ അവസരത്തിൽ വിട്ടുപോയ നോമ്പുകൾ പിടിച്ചുവീട്ടുക. അതിനാൽ ചുറ്റിക്കറങ്ങി വീണ്ടും നമ്മൾ ചെന്നെത്തുന്നത് തഖ്‌വയിലൂടെ പ്രവർത്തിച്ച്, അല്ലാഹുവിനോടുള്ള ഭയവും അവൻ നമ്മുടെ അവസ്ഥ അറിയുന്നുവെന്ന കാര്യം മുന്നിൽവെച്ചും നിങ്ങൾ തീരുമാനം കൈക്കൊള്ളുക. അങ്ങനെ ചെയ്താൽ അല്ലാഹു നിങ്ങൾക്ക് മെച്ചപ്പെട്ട അവസ്ഥ ഉണ്ടാക്കുന്നതായിരിക്കും. മെച്ചപ്പെട്ട പ്രതിഫലം നല്കുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: റമളാൻ വരുമെന്നും നോമ്പുപിടിക്കാമെന്നും കാത്തിരുന്ന ഒരാൾക്ക് റമളാൻ വന്നപ്പോൾ രോഗം കാരണത്താൽ നോമ്പു പിടിക്കാൻ കഴിഞ്ഞില്ല. അത്തരം വ്യക്തി ദൈവസന്നിധിയിൽ നോമ്പിൽനിന്ന് പിന്തള്ളപ്പെടുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഈ ലോകത്ത് ധാരാളമാളുകൾ തന്ത്രങ്ങൾ മെനഞ്ഞും സൂത്രങ്ങൾ ചെയ്തും നടക്കുന്നവരാണ്. അവർ വിചാരിക്കുന്നത് ആളുകളെ പറ്റിക്കുന്നതുപോലെ അല്ലാഹുവിനേയും പറ്റിക്കാമെന്നാണ്. തന്ത്രങ്ങൾ മെനയുന്നവർ സ്വയം മസ്അലകൾ ഉണ്ടാക്കുന്നു. ആചാരോപചാരങ്ങൾ ചേർത്ത് അതായിപ്പോയി ഇതായിപ്പോയി എന്നു പറഞ്ഞ് അവയെ ശരിയാക്കി അവതരിപ്പിക്കുന്നു. നോമ്പു വിടാനുള്ള ശരിയായ കാരണം വിവരിക്കപ്പെട്ടുവെന്ന് ധരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'പക്ഷേ, അല്ലാഹുവിന്റെ പക്കൽ അത് ശരിയല്ല. അവിടന്ന് പറഞ്ഞു: ആചാരോപചാരങ്ങളുടെ വാതിൽ വളരെ വിശാലമാണ്. തന്ത്രം ഉണ്ടാക്കണമെങ്കിൽ അല്ലെങ്കിൽ ഒഴികഴിവ് കൊണ്ടുവരണമെങ്കിൽ ഒന്നിൽനിന്ന് മറ്റൊന്ന് എന്ന നിലയിൽ അതു പുറത്തുവന്നുകൊണ്ടേപോകും. അവിടന്ന് പറയുന്നു: ഈ ആചാരോപചാരങ്ങൾ അടിസ്ഥാനമാക്കണമെന്ന് മനുഷ്യൻ ആഗ്രഹിച്ചാൽ ആയുസ്സ് മുഴുവൻ അവന് ഇരുന്ന് നമസ്കരിക്കാൻ കഴിയും. റമളാനിലെ നോമ്പ് ഒരിക്കലും പിടിക്കാതിരിക്കാനും സാധിക്കും. അവിടന്ന് പറയുന്നു: എന്നാൽ, അല്ലാഹു അവന്റെ നിയ്യത്തും തീരുമാനവും അറിയുന്നു. അല്ലാഹു അദൃശ്യങ്ങൾ അറിയുന്നവനാണ്. നമ്മുടെ പാതാളം വരെയുള്ള കാര്യങ്ങളും നിയ്യത്തുകളും തീരുമാനങ്ങളും അവൻ അറിയുന്നു. അവിടന്ന് പറഞ്ഞു: ആരാണോ സത്യസന്ധതയും ആത്മാർഥതയും ഉൾക്കൊള്ളുന്നത് അവനോടു അല്ലാഹു സത്യസന്ധതയും ആത്മാർഥതയും പ്രകടമാക്കുന്നരീതിയിൽ പെരുമാറുന്നു. എന്നാൽ, ചതിയനോടു അതനുസരിച്ചാണ് പെരുമാറുന്നത്. കാരണം അല്ലാഹു എല്ലാ അറിയുന്നവനാണ്. അവിടന്ന് പറയുന്നു: 'സത്യസന്ധതയും ആത്മാർഥതയും ഉള്ളവരെ അല്ലാഹുവിന് അറിയാം. അവന്റെ മനസ്സിൽ വേദനയുണ്ടെന്നും അവനറിയാം. അല്ലാഹു അവന് കൂടുതൽ പ്രതിഫലം നല്കാൻ കാരണം ഹൃദയവേദന ഒരു വിലപിടിച്ച വസ്തുവായതുകൊണ്ടാണ്. ചതിയന്റെ മനസ്സിൽ വേദനയൊന്നുമില്ല. അടവുകളും സൂത്രങ്ങളുമായി നടക്കുന്ന മനുഷ്യൻ വ്യാഖ്യാനങ്ങളെയാണ് തലയിണയാക്കിയത്. പക്ഷേ, അല്ലാഹുവിന്റെ പക്കൽ ഈ തലയിണ ഒരു വസ്തുവുമല്ല.(മൽഫൂദാത്ത് വാള്യം 6, പേജ് 259–260)

അടിസ്ഥാനപരമായ കാര്യങ്ങളാണ് നമ്മൾ നമ്മുടെ മുമ്പിൽ വെക്കേണ്ടത്. യാത്രക്കാരുടെ യാത്ര കഴിഞ്ഞാലും രോഗികൾ സുഖം പ്രാപിച്ചാലും നോമ്പു പിടിക്കണമെന്നാണ് അല്ലാഹു വ്യക്തമായും പറഞ്ഞിട്ടുള്ളത്. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനേയും പറഞ്ഞു: ആ അവസ്ഥയിലും ഫിദ്‌യ നിർബന്ധമായും കൊടുക്കുക. അതു മുഖേന നോമ്പുപിടിക്കാൻ തൗഫീഖ് കിട്ടുന്നതാണ്.(മൽഫൂദാത്ത് വാള്യം 6, പേജ് 258)

ഇപ്പോഴുള്ള വൈറസ് രോഗം കാരണം വ്രതമെടുത്താൽ തൊണ്ട വരളുകയും അതുമൂലം രോഗം പിടിപെടാൻ സാധ്യത കൂടുകയും ചെയ്യുന്നതുകൊണ്ട് തങ്ങൾ വ്രതമെടുക്കണോ ഉപേക്ഷിക്കണോ എന്ന് ആളുകൾ ചോദിക്കുന്നു. ഇതു സംബന്ധമായി ഞാൻ പൊതുവായൊരു ഫത്‌വ നൽകുന്നില്ല. ഞാൻ പൊതുവെ എഴുതാറുള്ളത് ഇതാണ്; നിങ്ങൾ നിങ്ങളുടെ സ്വന്തം അവസ്ഥയ്ക്കനുസരിച്ച് തീരുമാനമെടുക്കുക. ശുദ്ധഹൃദയരായി തഖ്‌വയോടുകൂടി സ്വന്തം മനസ്സിനോട് ഫത്‌വ ചോദിക്കുക. രോഗിയാണെങ്കിൽ വ്രതമെടുക്കരുത് എന്ന വ്യക്തമായ നിർദ്ദേശം വിശുദ്ധഖുർആനിലുണ്ട്. രോഗിയാകാൻ സാധ്യതയുണ്ടെന്ന കാരണത്താൽ വ്രതമുപേക്ഷിക്കുന്നത് തെറ്റാണ്. ഇനി വ്രതമെടുക്കുന്നതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകാൻ സാധ്യതയുണ്ടെന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ടെന്ന് പറയുന്നവരോട് എനിക്ക് പറയാനുള്ളത്, ഞാൻ വിദഗ്ദരായ പല ഡോക്ടർമാരുടേയും അഭിപ്രായം തേടിയിട്ടുണ്ട്. വ്യത്യസ്തമായ അഭിപ്രായങ്ങൾ വച്ചു നോക്കിയതിനു ശേഷം, വ്രതമെടുക്കുന്നതുകൊണ്ട് കുഴപ്പമില്ല എന്ന അഭിപ്രായത്തിലാണ് എത്തിച്ചേർന്നിരിക്കുന്നത്. എന്നാൽ, അല്പം പോലും സംശയമുണ്ടെങ്കിൽ ഉടനെ നോമ്പ് ഉപേക്ഷിക്കേണ്ടതാണ്. നോമ്പെടുക്കുന്ന സമയത്തും നോമ്പ് തുറക്കുന്ന സമയത്തും വെള്ളം കുടിക്കുക. അകാരണമായി നോമ്പ് ഉപേക്ഷിക്കുന്നുണ്ടോ, അനാവശ്യമായ ഒഴികഴിവ് കാണിക്കുന്നെന്ന് ഹദ്റത്ത മസീഹ് മൗഊദ്(അ) പറഞ്ഞ കൂട്ടത്തിൽ ഉൾപ്പെടുന്നുണ്ടോ എന്ന് നോക്കുക. ഏതായിരുന്നാലും മുൻകരുതൽ അനിവാര്യമാണ്. ഓരോരുത്തരും അവരവരുടെ മനസ്സാക്ഷിയോട് ഫത്‌വ ചോദിക്കുക.

വ്രതമെടുക്കാൻ സൗഭാഗ്യം ലഭിക്കുന്നതിനായി അല്ലാഹുവിനോട് ദുആ ചെയ്യുക. ഈ ദിനങ്ങളിൽ വളരെയധികം ദുആ ചെയ്യുക. അല്ലാഹു മനുഷ്യർക്ക് ബുദ്ധി നൽകുമാറാകട്ടെ. ദൈവത്തെ തിരിച്ചറിയുന്നവരാക്കട്ടെ. അല്ലാഹു ലോകത്തുനിന്നും ഈ മഹാവ്യാധിയെ എത്രയും പെട്ടെന്ന് ഇല്ലാതാക്കട്ടെ. ലോകത്തോട് കരുണ കാണിക്കുമാറാകട്ടെ. നാം അഹ്മദികളും തഖ്‌വയിലൂടെ ചലിച്ചുകൊണ്ട് അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമകൾ പൂർ

**ഹദീഥുന്നബ്‌വി (സ):**

*നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതു കൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)*

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:
'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'
(തിർമുദി)**

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

ത്തിയാക്കുന്നവരാകട്ടെ, റമളാനിൽനിന്ന് തികച്ചും ഫലമെടുക്കുന്നവരാകട്ടെ.

ഒരു കാര്യം കൂടി ഓർക്കുക ഇന്ന് ലോകത്തിന്റെ പൊതുവിലുള്ള അവസ്ഥയും സാമ്പത്തികാവസ്ഥയും അങ്ങേയറ്റം മോശമായിരിക്കുകയാണ്. സാമ്പത്തികാവസ്ഥ ഇത്തരത്തിൽ മോശമായിത്തീരുമ്പോൾ യുദ്ധങ്ങളുണ്ടാകുവാനുള്ള സാധ്യതയും കൂടുന്നു. അതിനെ തുടർന്ന് ഭൗതീക ഭരണകൂടങ്ങൾ അവരുടെ പ്രശ്നപരിഹാരത്തിനും കാര്യാലാഭത്തിനും വേണ്ടി ഭൗതീകമായ തന്ത്രങ്ങളന്വേഷിക്കുകയും ചെയ്യുന്നു. പൊതുജനങ്ങളുടെ ശ്രദ്ധ തെറ്റിക്കുന്നതിനായി ഭാവിയിൽ കൂടുതൽ പ്രശ്നങ്ങളുണ്ടായേക്കാവുന്ന തരത്തിലുള്ള കാര്യങ്ങൾ പറയുന്നു. അതിനെ തുടർന്ന് കൂടുതൽ നാശത്തിലേക്ക് ജനങ്ങൾ ചെന്നെത്തുകയും ചെയ്യുന്നു. അല്ലാഹു ഈ വൻശക്തികൾക്ക് ബുദ്ധി നൽകുമാറകട്ടെ, അവർ ബുദ്ധി ഉപയോഗിക്കുമാറാകട്ടെ. ഭാവിയിൽ കൂടുതൽ കുഴപ്പങ്ങളും നാശങ്ങളും ഉണ്ടായേക്കാവുന്ന ഒരു നീക്കവും നടത്താതിരിക്കട്ടെ. പത്രങ്ങളിൽ ഇപ്പോൾ തുറന്നനിലയിൽ ഇക്കാര്യം വന്നുകൊണ്ടിരിക്കുന്നു. അവലോകരും നിരീക്ഷകരും പറഞ്ഞുകൊണ്ടിരിക്കുന്നു, അമേരിക്ക ഇറാനെ ഭീഷണിപ്പെടുത്തുകയും ശരിയായ വിവരം നൽകിയില്ല എന്ന് പറഞ്ഞ് ചൈനയുടെ മേൽ ആരോപണം ഉന്നയിക്കുകയും ചെയ്യുന്നു. അതിനെതിരായി കേസ് നടത്തണമെന്നും അവരോട് അത്തരത്തിലാണ് പെരുമാറേണ്ടതെന്നും പറയുന്നു. അവരോട് ഞങ്ങൾ അങ്ങനെ ചെയ്യും, ഇറാനോട് ഞങ്ങൾ ഇങ്ങനെ ചെയ്യുമെന്നെല്ലാം പറയുന്നു. ചുരുക്കിപ്പറഞ്ഞാൽ അമേരിക്കൻ ഭരണകൂടവും ബുദ്ധിപൂർവ്വം പെരുമാറേണ്ടതാണ്, മറ്റെല്ലാ ഭരണകൂടങ്ങളും ബുദ്ധിയോടെ പെരുമാറേണ്ടതാണ്. ഇപ്പോഴത്തെ അവസ്ഥയിൽ ഒരു തെറ്റായ തീരുമാനത്തിലേക്കു പോയിക്കൊണ്ട് ലോകത്തെ കൂടുതൽ നാശത്തിലേക്കു കൊണ്ടു പോകുന്നതിനു പകരം ശരിയായ ചിന്തയോടെ, ശരിയായ പ്ലാനിംഗ് ചെയ്ത് അല്ലാഹുവിലേക്കു തിരിഞ്ഞുകൊണ്ട് അവനോട് ഈ മഹാവ്യാധിയിൽ നിന്ന് രക്ഷപ്പെടുന്നതിനായി സഹായമഭ്യർഥിച്ചുകൊണ്ടിരിക്കുകയും ഈ രോഗത്തിന് ചികിത്സ കണ്ടെത്താനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രജ്ഞൻമാരെ സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുക.

അല്ലാഹു നമുക്ക് ദുആ ചെയ്യുവാനും നമ്മുടെ അവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുമുള്ള തൗഫീഖ് നൽകുമാറാകട്ടെ. ലോകത്തിലെ വൻ ഭരണകൂടങ്ങൾക്ക് ബുദ്ധിപൂർവ്വം രാഷ്ട്രീയ നയങ്ങൾ രൂപീകരിച്ചുകൊണ്ട് ഭാവിയിലേക്കുള്ള പ്രവർത്തനരൂപരേഖ തയ്യാറാക്കുവാനുമുള്ള തൗഫീഖ് നൽകുമാറാകട്ടെ.(ആമീൻ).

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

(പേജ് 2ൽനിന്ന്)

അവൻ സൽക്കർമങ്ങളിലൂടേയോ ഇൽഹാമിലൂടേയോ ഒരു സുവാർത്തയും തൃപ്തിയും നല്കുന്നു. ഹദ്റത്ത് അലി കർറമല്ലാഹു വജ്ഹഹൂ പറയുന്നു: ക്ഷമയും സത്യസന്ധതയും കൊണ്ട് ദുആ പാരമ്യതയിലെത്തുമ്പോൾ അത് സ്വീകരിക്കപ്പെടുന്നു. ദുആ, സ്വദഖ, ദാനധർമങ്ങൾ എന്നിവകൊണ്ട് ശിക്ഷ അകലുക എന്നത് എങ്ങനെ സ്ഥാപിതമായ കാര്യമാണെന്നാൽ ഒരുലക്ഷത്തി ഇരുപത്തിനാലായിരം പ്രവാചകന്മാരും അതിൽ ഏകാഭിപ്രായക്കാരാണ്. കോടിക്കണക്കിന് സുലഹാഇന്റേയും അത്ഖിയാഇന്റേയും ഔലിയാഇന്റേയും വ്യക്തിപരമായ അനുഭവം ഇതിന് സാക്ഷിയാണ്.

**ആരാധനയിൽ രുചിയും നിർവൃതിയും വെക്കപ്പെട്ടിരിക്കുന്നു**

നമസ്കാരം എന്താണ്? ഇതൊരു പ്രത്യേക ദുആയാണ്. എന്നാൽ, ജനങ്ങൾ അതിനെ രാജാക്കന്മാരുടെ നികുതിയായിട്ടാണ് കരുതുന്നത്. അല്ലാഹുവിന് ഇക്കാര്യങ്ങളുടെ ആവശ്യമുണ്ടോ എന്നുപോലും അവർ മനസിലാക്കുന്നില്ല. അവന്റെ സമ്പന്നസത്തയ്ക്ക് ഇതിന്റെ എന്ത് ആവശ്യമാണുള്ളത്? മനുഷ്യൻ ദുആ, തസ്ബീഹ്, തഹ്‌ലീൽ എന്നിവയിൽ മുഴുകുമ്പോൾ അതിൽ അവന്റെ തന്നെ സ്വന്തം നേട്ടമാണുള്ളത്; അതായത് അവൻ ഈ രീതിയിൽ അവന്റെ ഉദ്ദേശ്യം പ്രാപിക്കുന്നു. ഇതുകണ്ട് എനിക്ക് വലിയ ദുഃഖമാണുള്ളത്.

ഇക്കാലത്ത് ആരാധനയോടും ഭയഭക്തിയോടും മതനിഷ്ഠയോടും സ്നേഹമില്ലാതായിരിക്കുന്നു. അതിനു കാരണം വിഷലിപ്തമായ അനാചാരത്തിന്റെ പൊതവെയുള്ള സ്വാധീനമാണ്. ഇക്കാരണത്താൽ അല്ലാഹുവിനോടുള്ള സ്നേഹം തണുത്തുപോയിരിക്കുന്നു. എത്തരത്തിലുള്ള രുചിയാണോ ആരാധനകളിൽ കിട്ടേണ്ടത്, അതു കിട്ടുന്നില്ല. അല്ലാഹു എന്തെങ്കിലുമൊക്കെ രുചിയും ഒരു പ്രത്യേകമായ നിർവൃതിയും വെച്ചിട്ടില്ലാത്ത ഒരു വസ്തുവും ലോകത്തില്ലതന്നെ. രോഗിക്ക് നല്ലതും സ്വാദിഷ്ടവുമായ ഭക്ഷണത്തിൽ രുചി ഉണ്ടാകാത്തതുകൊണ്ട് അതിനെ കയ്പുള്ളതും രസശൂന്യവുമായി കരുതുന്നതുപോലെ ദൈവാരാധനയിൽ രുചിയും നിർവൃതിയും കിട്ടത്താവർ തങ്ങളുടെ രോഗത്തെ കുറിച്ച് ചിന്തിക്കേണ്ടതാണ്. കാരണം ഞാനിപ്പോൾ പറഞ്ഞതുപോലെ അല്ലാഹു എന്തെങ്കിലുമൊക്കെ രുചിയും ഒരു പ്രത്യേകമായ നിർവൃതിയും വെച്ചിട്ടില്ലാത്ത ഒരു വസ്തുവും ലോകത്തില്ലതന്നെ. അല്ലാഹു മനുഷ്യരാശിയെ ആരാധനയ്ക്കുവേണ്ടിയാണ് സൃഷ്ടിച്ചത്. അപ്പോൾപ്പിന്നെ ആ ആരാധനയിൽ അവന് രുചിയും നിർവൃതിയും ഉണ്ടാകാതിരിക്കുന്നതെങ്ങനെ? രുചിയും നിർവൃതിയുമുണ്ട്. എന്നാൽ, അതിനെ രുചിച്ചറിയുന്നവരും ആരെങ്കിലും ഉണ്ടാവണം. അല്ലാഹു പറയുന്നു: *വമാ ഖലഖ്ത്തുൽജിന്ന വൽ ഇൻസ ഇല്ലാ ലി യഅ്ബുദൂൻ(51:57)* മനുഷ്യൻ ഇബാദത്തിനുവേണ്ടിമാത്രം സൃഷ്ടിക്കപ്പെട്ടിരിക്കെ ആരാധനയിൽ പരമമായ രുചിയും നിർവൃതിയും വെക്കേണ്ടതും നിർബന്ധമാണ്. ഇക്കാര്യത്തെ നമുക്ക് നമ്മുടെ നിത്യജീവിതത്തിലുണ്ടാകുന്ന കാഴ്ചകളിൽനിന്നും അനുഭവങ്ങളിൽനിന്നും നല്ലവണ്ണം മനസ്സിലാക്കാൻ കഴിയും. ഉദാഹരണത്തിന് ധാന്യവും തിന്നുന്നതും കുടിക്കുന്നതുമായ എല്ലാ വസ്തുക്കളും മനുഷ്യനുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അവയിൽനിന്ന് അവർക്ക് ഒരു രുചിയും നിർവൃതിയും ഉണ്ടാകുന്നില്ലേ? അത് ആസ്വദിക്കുന്നതിനും രുചിക്കുന്നതിനും അനുഭവിക്കുന്നതിനും അവന്റെ വായിൽ നാവില്ലേ. സൗന്ദര്യമുള്ള വസ്തുക്കൾ കണ്ട് –സസ്യങ്ങളാവട്ടെ ഖരപദാർഥങ്ങളാവട്ടെ മൃഗങ്ങളാവട്ടെ അല്ലെങ്കിൽ മനുഷ്യനാവട്ടെ, സന്തോഷിക്കാറില്ലേ? മനസ്സിനെ ആനന്ദകരമാക്കുന്നതും ശ്രുതിസുഖവുമുള്ള തുമായ ശബ്ദങ്ങളാൽ അവന്റെ ചെവി പ്രസന്നമാകുന്നില്ലേ? ആരാധനയിൽ നിർവൃതി ഉണ്ടാകാത്തതിന് മറ്റെന്തെങ്കിലും തെളിവ് ഇനിയും ആവശ്യമുണ്ടോ? (മൽഫൂദാത്ത് വാള്യം 1 പേജ് 136–139, ഖാദിയാൻ 2018)

## അമീറുൽ മുഅ്മിനീന് കത്തെഴുതുന്നവർക്കുള്ള അടിയന്തര വിളംബരം

*ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിക്കുകയും*
*നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ കത്തെഴുതുന്ന ജമാഅത്തിലെ എല്ലാ സ്ത്രീകളുടേയും പുരുഷന്മാരുടേയും അറിയിപ്പിന്നായി ഈ വിളംബരം ചെയ്യുകയാണ്:

“അവരുടെ എല്ലാ കത്തുകളും പതിവെന്നപോലെ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും കൊറോണ വൈറസ് കാരണത്താലുള്ള അവസ്ഥകൾകൊണ്ട് കത്തുകൾക്ക് മറുപടി എഴുതിക്കൊണ്ടിരുന്നവരിൽ കുറവു വന്നിരിക്കുന്നതിനാൽ ആ കത്തുകൾക്കെല്ലാം ഓരോരുത്തർക്കും മറുപടി നല്കുക എന്നത് അസംഭാവ്യമായിരിക്കുകയാണ്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിച്ച് നിങ്ങൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു കൃപയും കരുണയും ചൊരിയുമാറാകട്ടെ. ഈ പകർച്ചവ്യാധിയിൽനിന്നും മറ്റു വിപത്തുകളിൽ നിന്നും ബുദ്ധിമുട്ടുകളിൽനിന്നും എല്ലാ ഓരോരുത്തരേയും കാത്തുരക്ഷിക്കുമാറാകട്ടെ. എല്ലാവരേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നിങ്ങളുടെമേൽ പതിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ.

(മുനീർ അഹ്മദ് ജാവേദ്, പ്രൈവറ്റ് സെക്രട്ടറി)

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

(തുടർച്ച...)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2018 നവംബർ 03, ശനിയാഴ്ച:**

**(ഹുദൂറിന്റെ പ്രഭാഷണം തുടർച്ച.....)**

വിശുദ്ധ ഖുർആനിന്റെ ആദ്യത്തെ അധ്യായത്തിൽ അല്ലാഹു പറയുന്നുത്, അവൻ മുഴു ലോകത്തിന്റേയും പരിപാലകനാണെന്നാണ്. ഇതിന്റെ അർഥം അവൻ മത വിശ്വാസങ്ങൾക്കതീതമായി മനുഷ്യകുലത്തെ ആകമാനം പരിപാലിക്കുന്നു എന്നാണ്. അത്യുന്നതനായ ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നവരും അല്ലെങ്കിൽ മതമില്ലാത്തവരും അവന്റെ റഹ്മാനിയ്യത്തും റഹീമിയ്യത്തും മുഖേന ഫലമെടുക്കുന്നു. സർവലോകത്തിന്റെ പരിപാലകനാണ് ദൈവം എന്ന് പറയുന്നിടത്തുതന്നെ ദൈവം കാരുണ്യവാനും കരുണാനിധിയുമാണെന്നും വ്യക്തമാക്കുന്നു.

മുഹമ്മദ് നബി(സ)യെ കുറിച്ചും അല്ലാഹു പറയുന്നത്, അദ്ദേഹം സമസ്ത ലോകത്തിനും കാരുണ്യമാണെന്നാണ്. നിസ്സംശയം ഇസ്ലാമിന്റെ ദൂതൻ തന്റെ ജീവിതമാസകലം മനുഷ്യകുലത്തോട് അറ്റമില്ലാത്ത സ്നേഹത്തിന്റേയും അനുകമ്പയോടെയും പെരുമാറി. അദ്ദേഹത്തിന്റെ ഹൃദയം സ്നേഹാനുകമ്പയാൽ നിർഭരമായിരുന്നു. എല്ലാ സമയത്തും ആ മഹാത്മാവ് മനുഷ്യ കുലത്തിന്റെ ക്ഷേമത്തിനായി പ്രവർത്തിച്ചു. മറ്റുള്ളവരുടെ ബുദ്ധിമുട്ട് നീക്കാൻ ശ്രമിച്ചു. തന്റെ അനുയായികൾക്ക് മാനവികതയെ ആദരിക്കാനുള്ള അധ്യാപനം അദ്ദേഹം നല്കി. ഉദാഹരണമായി ഒരിക്കൽ മുഹമ്മദ് നബി(സ) ഇരിക്കുമ്പോൾ സമീപത്തൂടെ ഒരു വ്യക്തിയുടെ മൃതദേഹം കൊണ്ടു പോയി. അദ്ദേഹം ഉടനെ എഴുന്നേറ്റു നിന്നു. അപ്പോൾ അനുയായികൾ അത് മുസ്ലിമിന്റേതല്ലെന്നും ഒരു യഹൂദിയുടെ മൃതശരീരമാണെന്നും ചൂണ്ടിക്കാണിച്ചു. ഉടനെ ദൈവദൂതൻ അത് മനുഷ്യന്റേതല്ലേയെന്നാണ് ചോദിച്ചത്. ഇതിൽനിന്ന് മനസ്സിലാകുന്നത്, അദ്ദേഹത്തിന്റെ മനസ്സിൽ മനുഷ്യകുലത്തോട് എത്രമാത്രം സ്നേഹമുണ്ടായിരുന്നു എന്നാണ്. ഇതിൽനിന്ന് മനസ്സിലാകുന്ന മറ്റൊരു കാര്യം മറ്റു വിശ്വാസങ്ങളോടും മതാനുയായികളോടും നല്ല രീതിയിൽ പെരുമാറണമെന്ന അധ്യാപനം അദ്ദേഹം നല്കി എന്നാണ്. മറ്റുള്ളവരുടെ വികാരം മാനിക്കാനും അവരുടെ വികാരങ്ങളെ ആദരിക്കാനും അദ്ദേഹം പഠിപ്പിച്ചു.

ഇസ്ലാം, മതസ്വതന്ത്ര്യത്തിന് പ്രോൽസാഹനം കൊടുക്കുന്നുണ്ടോ എന്ന് ധാരാളം പേർ ചോദിക്കാറുണ്ട്. ഇതിന്റെ മറുപടി എന്ന നിലയിൽ ഞാൻ ആ മഹാത്മാവിന്റെ ജീവിതത്തിൽനിന്നുള്ള ഒരു ഉദാഹരണം സമർപിക്കുകയാണ്. ഒരിക്കൽ നജ്റാനിൽ നിന്നുള്ള ക്രിസ്ത്യാനികൾ അദ്ദേഹത്തെ കാണാൻ മദീനയിൽ വന്നു. കുറച്ച് സമയത്തിനുശേഷം അവർ അസ്വസ്ഥരാകുന്നത് കണ്ട പ്രവാചകൻ എല്ലാവരും സുഖത്തിലാണോ എന്നന്വേഷിച്ചു. തങ്ങളുടെ പ്രാർഥനയുടെ സമയമാണിതെന്നും എന്നാലിവിടെ ശരിയായ ഒരു സ്ഥലം കാണുന്നില്ലെന്നും അവർ മറുപടി നല്കി. അപ്പോൾ പ്രവാചകൻ തന്റെ മസ്ജിദിൽ തങ്ങളുടെ പ്രാർഥനാരീതിയനുസരിച്ച് പ്രാർഥിച്ചു കൊള്ളുവാൻ പറഞ്ഞു. ഈ മഹനീയ മാതൃകയിലൂടെ നബി(സ)തിരുമേനി മതപരമായ സഹവർത്തിത്വത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും ഉദാഹരണം സൃഷ്ടിക്കുകയാണ് ചെയ്തത്. എന്നിരുന്നാലും ചിലർ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ അദ്ദേഹം യുദ്ധങ്ങൾ എന്തിനു ചെയ്തു? എന്ന് ചോദിക്കുന്നുണ്ട്.

ഞാൻ അതിനേയും വിശദീകരിക്കാം. എവിടെയെല്ലാം ഇസ്ലാം ശക്തി പ്രയോഗിക്കാനുള്ള അനുവാദം നല്കിയോ അത് രാജ്യങ്ങൾ വെട്ടിപിടിക്കാനോ അല്ലെങ്കിൽ ജനങ്ങളെ നിർബന്ധിച്ച് ഇസ്ലാം മതത്തിൽ പ്രവേശിപ്പിക്കാനോ ആയിരുന്നില്ല. ഒരു പരിധിവരെ ശക്തി പ്രയോഗിക്കാനുള്ള അനുവാദം നല്കിയതിന്റെ കാരണം വ്യക്തമായി വിശദീകരിക്കുന്നുണ്ട്. സമാധാനവും സുരക്ഷിതത്വവും പുനഃസ്ഥാപിക്കാനും യഥാർഥ മതസ്വാതന്ത്ര്യം ലോകത്ത് ഉയർന്ന് നില്ക്കാനുമാണ് അത് അനുവദിച്ചിട്ടുള്ളത്. ഇതിൽനിന്ന് മനസ്സിലാകുന്നത് ശക്തിപ്രയോഗിച്ചത് ഇസ്ലാമിനെ രക്ഷിക്കാനല്ലെന്നും മറിച്ച്, ജനങ്ങളുടെ അവകാശങ്ങളും എല്ലാ മതങ്ങളുടെയും സുരക്ഷിതത്വവുമായിരുന്നു; ജനങ്ങൾക്ക് അവരിച്ഛിക്കുന്ന വിശ്വാസം വെച്ചു പുലർത്താനുള്ള അവകാശത്തിന് ഉറപ്പ് നല്കാനായിരുന്നു.

ആദ്യമായി പ്രതിരോധ യുദ്ധത്തിനു അനുവാദം നല്കപ്പെട്ട വിശുദ്ധ ഖുർആനിലെ 22-ാം അധ്യായം നാല്പത്തിയൊന്നാം വചനത്തിൽ ഇതിന്റെ വിശദീകരണം നല്കപ്പെട്ടിട്ടുണ്ട്. ഇസ്ലാമിന്റെ എതിരാളികൾ ഏതെങ്കിലും രാഷ്ട്രീയപരമോ സമുദായപരമോ വ്യക്തിപരമോ ആയ കാര്യത്തിനല്ല മുസ്ലിമീങ്ങൾക്കെതിരെ യുദ്ധം ചെയതത്. മറിച്ച്, ഈ യുദ്ധത്തിന് പ്രേരണ നല്കിയത് അവരുടെയുള്ളിലുള്ള മതപരമായ വെറുപ്പായിരുന്നു. ആ വചനത്തിൽ വരുന്നത്, മുസ്ലിമീങ്ങൾ അപ്പോൾ ആ ആക്രമണത്തിനും അനീതിക്കും എതിരിൽ പോരാടിയില്ലായിരുന്നുവെങ്കിൽ എല്ലാ മതങ്ങളുടേയും അന്ത്യം കുറിക്കപ്പെടുമായിരുന്നുവെന്നാണ്. മതസ്വാതന്ത്ര്യം തികച്ചും എടുക്കപ്പെടുമായിരുന്നു. അവരുടെ ആക്രമണത്തിനു മറുപടി നല്കിയില്ലായിരുന്നുവെങ്കിൽ യഹൂദരുടെ ആരാധനാലയവും ക്രൈസ്തവരുടെ ചർച്ചുകളും മസ്ജിദുകളും മറ്റു ആരാധനാലയങ്ങളുമൊന്നും സുരക്ഷിതമാകുമായിരുന്നില്ല എന്ന് പ്രത്യേകമായ നിലയിൽ ഈ വചനത്തിൽ പരാമർശിക്കപ്പെടുന്നുണ്ട്. അതുകൊണ്ട് മറ്റുള്ളവരുടെമേൽ നിയന്ത്രണങ്ങൾ ഇടാനോ മറ്റുള്ളവരുടെ മതപരമായ അവകാശങ്ങളെ അവസാനിപ്പിക്കുന്നതിനോ പകരം വിശുദ്ധ ഖുർആൻ മതസ്വാതന്ത്ര്യത്തിന്റെ ആദ്യ ചാർട്ടറായി മാറി എന്നതാണ് സത്യമായ കാര്യം. പ്രത്യുത, വിശുദ്ധ ഖുർആൻ മതസ്വാതന്ത്ര്യത്തെ അടിസ്ഥാന മനുഷ്യാവകാശമാണെന്ന് സ്ഥാപിക്കുകയാണ് ചെയ്തത്. ഇതിന്റെ അർഥം ഒരു യഥാർഥ മസ്ജിദ് മതസ്വാതന്ത്ര്യത്തിന്റെ അടയാളമാണെന്നാണ്. പ്രത്യക്ഷമായ നിലയിൽ ആദരവിന്റേയും സ്നേഹത്തിന്റേയും പ്രകാശിക്കുന്ന വിളക്കുകളാണെന്നാണ്.

കഴിഞ്ഞ കാലത്ത് അഹ്മദികളോടൊപ്പം നിങ്ങൾക്കുണ്ടായിരുന്ന ബന്ധങ്ങളിൽനിന്ന് നിങ്ങൾ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും വികാരങ്ങൾ മാത്രമേ കണ്ടിട്ടുണ്ടാകുകയുള്ളൂ. അതുകൊണ്ട് ഈ മസ്ജിദിന്റെ നിർമാണശേഷം ഈ വികാരങ്ങൾ കൂടുതൽ വർധിക്കുന്നതായിരിക്കും. മനുഷ്യകുലത്തിനുവേണ്ടിയുള്ള ഞങ്ങളുടെ സേവനങ്ങളുടേയും സ്നേഹത്തിന്റേയും സന്ദേശം മുമ്പേയുള്ളതിനെക്കാൾ കൂടുതൽ എല്ലാ സ്ഥലത്തും പ്രതിധ്വനിക്കും. ഇവിടുത്തെ തദ്ദേശീയരായ അഹ്മദി മുസ്ലിമീങ്ങൾ ഈ മസ്ജിദിന്റെ അയൽവാസികളോടുള്ള കടമകൾ നിർവഹിക്കുന്നതിൽ കൂടുതൽ ബദ്ധശ്രദ്ധരാകും. യഥാർഥത്തിൽ വിശുദ്ധ ഖുർആൻ ആവർത്തിച്ച് മുസ്ലിമീങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നതും ഇതിലേക്കാണ്. തന്റെ അയൽവാസികളോടുള്ള കടമകൾ നിർവഹിക്കണമെന്നും അവരോട് പൂർണ സ്നേഹത്തോടും അനുകമ്പയോടും പെരുമാറണമെന്നും വിശുദ്ധ ഖുർആൻ നിർദേശിച്ചിരിക്കുന്നു. നമ്മുടെ അയൽവാസികൾ കേവലം മസ്ജിദിന്റേയോ അഹ്മദികളുടെ വീടുകൾക്ക് ചുറ്റുപാടോ ഉള്ളവർ മാത്രമല്ല. മറിച്ച് വിശുദ്ധ ഖുർആൻ അനുസരിച്ച് അയൽവാസികളുടെ വൃത്തം എത്രയോ വിശാലമാണ്. നിങ്ങളോടൊപ്പം ജോലി ചെയ്യുന്നവരും നിങ്ങളുടെ കീഴിൽ ജോലി ചെയ്യുന്നവരും ഒപ്പം യാത്ര ചെയ്യുന്നവരും മറ്റനേകംപേരും ഈ അയൽവാസിപ്പട്ടികയിൽ പെടുന്നുണ്ടെന്ന കാര്യം കൂടി ഞാൻ വ്യക്തമാക്കട്ടെ. ചുരുക്കത്തിൽ ഈ പട്ടണത്തിലുള്ള സകലമാന പേരും ഞങ്ങളുടെ അയൽവാസികളായിത്തീരുന്നു. നമ്മൾ സ്വന്തം അയൽവാസികളോട് നല്ല രീതിയിലും സ്നേഹവിശാലതയോടും പെരുമാറുക എന്നത് നമ്മുടെ മതപരമായ കടമയാണ്.

ഈ വാക്കുകളോടുകൂടി ഞാൻ പ്രതിക്ഷിക്കുന്നതും പ്രാർഥിക്കുന്നതും ലോകത്തെ ഗ്രസിച്ചിരിക്കുന്ന എല്ലാ തർക്കവിതർക്കങ്ങളും അവസാനിപ്പിക്കാൻ നമ്മെ അല്ലാഹു തുണയ്ക്കട്ടെ എന്നാണ്. എല്ലാത്തരത്തിലുമുള്ള അനീതിയും അക്ഷമതയും അവസാനിപ്പിക്കുന്നതിൽ നമ്മുടെ ഉത്തരവാദിത്വം നിർവഹിക്കാനും നമ്മെ തുണയ്ക്കുമാറാട്ടെ.

നമ്മുടെ പിന്നിൽ വെറുപ്പും അക്രമവും നിറഞ്ഞ ലോകത്തിനു പകരം സ്നേഹാനുകമ്പ നിറഞ്ഞ ഒരു ലോകത്തെ വിട്ടുപോകാൻ നമുക്ക് കഴിയട്ടെ എന്നാണ് എന്റെ പ്രാർഥന. സ്വന്തം വ്യക്തിതാൽപര്യങ്ങളുടെ പിന്നിൽപെട്ടു പോകുന്നതിന്നു പകരം ജനങ്ങൾ മാനുഷിക സേവനത്തിന്റെ മൂല്യങ്ങളെ തിരിച്ചറിയുന്നവരാകട്ടെ. ഈ മസ്ജിദ് ഈ സമൂഹത്തിനുവേണ്ടി വഴി

## ഹദീഥുന്നബവി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമ്മമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമ്മമാണ്. നല്ല വാക്കു പറയുന്നതും ധർമ്മമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമ്മമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമ്മമാണ്.' (ബുഖാരി മുസ്ലിം)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

കാട്ടിയും ഐക്യത്തിനു പുതു പ്രതീക്ഷ സൃഷ്ടിക്കുന്നതിനും മാർഗമായിത്തീരട്ടെ എന്ന് പ്രാർഥിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും മറ്റൊരിക്കൽ കൂടി നന്ദി പറയുന്നു. അല്ലാഹു നിങ്ങളെല്ലാവരുടേയുംമേൽ ഔദാര്യം ചൊരിയുമാറാകട്ടെ. ആമീൻ.

ഇതിനു ശേഷം ഹുദൂർ പ്രാർഥനയ്ക്ക് നേതൃത്വം നല്കി. അതിൽ അതിഥികൾ അവരവരുടെ രീതിയിൽ പങ്കെടുത്തു. ഹുദൂറിന്റെ പ്രസംഗശേഷം അതിഥികൾ നീണ്ട സമയം ഹർഷാരവത്തോടെ പ്രസംഗത്തെ പ്രശംസിച്ചുകൊണ്ടിരുന്നു.

ശേഷം ഹുദൂർ ചില അതിഥികൾക്ക് ഉപഹാരം നല്കി. തുടർന്ന് ഡിന്നറായിരുന്നു. ഭക്ഷണശേഷം അതിഥികൾ ഓരോരുത്തരായി ഹുദൂറിനെ കണ്ടു. ഹുദൂർ അവരുമായി സംസാരിച്ചു. ഹുദൂറിനോടൊപ്പം അതിഥികൾ ഫോട്ടോയും എടുക്കുന്നുണ്ടായിരുന്നു.

തുടർന്ന് അല്പനേരത്തേക്ക് ഹുദൂർ താമസസ്ഥലത്തേക്ക് പോയി. 7.46ന് ഹുദൂർ മസ്ജിദ് മസ്റൂറിലെത്തി. മഗ്‌രിബ് ഇശാഅ് നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. തുടർന്ന് ഇവിടെ നിന്ന് വാഷിംഗ്ടണിലെ മസ്ജിദ് റഹ്മാനിലേക്ക് പോകേണ്ടതുണ്ടായിരുന്നു. ഹുദൂറിന് യാത്രയയപ്പ് നല്കാൻ മസ്ജിദിന്റെ പുറത്ത് സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന വലിയൊരു ജനാവലി തടിച്ചു കൂടിയിരുന്നു. ഹുദൂർ മസ്ജിദിൽനിന്ന് പുറത്തുവരികയും കുറച്ച് സമയത്തേക്ക് സഹോദരന്മാരുടെ ഇടയിൽ ചെലവഴിക്കുകയും ചെയ്തു. എല്ലാവരും ഹുദൂറിന്റെ സാന്നിധ്യംകൊണ്ട് അനുഗൃഹീതരായി. ഓരോ സ്റ്റെപ്പിലും കുട്ടികളും സ്ത്രീകളും ഹുദൂറിന്റെ ഫോട്ടോ എടുത്തുകൊണ്ടിരുന്നു. തുടർന്ന് കൈയുയർത്തി അസ്സലാമു അലയ്ക്കും പറഞ്ഞു. ദുആയ്ക്ക് നേതൃത്വം നല്കി. 8.25-ന് ഇവിടെനിന്ന് ഹുദൂർ പുറപ്പെട്ടു. 1.05 മണിക്കൂർ യാത്രക്ക് ശേഷം 9.30 ന് മസ്ജിദ് ബയ്ത്തു റഹ്മാനിലെത്തി. തുടർന്ന് താമസ സ്ഥലത്തേക്ക് മടങ്ങി.

## വിശ്വാസം ദൃഢീകരിക്കുന്ന അതിഥികളുടെ പ്രതികരണങ്ങൾ

ഇന്നത്തെ പരിപാടിയിൽ പങ്കെടുത്ത അതിഥികളിൽ ഹുദൂറിന്റെ പ്രഭാഷണം അഗാധമായ സ്വാധീനമുണ്ടാക്കി. അതിഥികൾ അവരുടെ വികാരങ്ങൾ തുറന്ന് പ്രകടിപ്പിക്കുകയും ചെയ്തു. ചിലരുടെ പ്രതികരണങ്ങൾ ചുവടെ ചേർക്കുന്നു.

✵ അനഹ്മദിയായ ഒരു ബാങ്ക് ഉദ്യോഗസ്ഥൻ ത്വാരിഖ് ഖലീൽസാഹിബ് പറയുന്നു: അഹ്മദിയ്യാ ജമാഅത്തിലെ വ്യക്തികൾ വളരെ ബുദ്ധിമതികളാണ്. അവർക്ക് അവരുടെ ജമാഅത്തുമായി അഗാധമായ ബന്ധമാണുള്ളത്. മറ്റു മുസ്‌ലിമീങ്ങൾക്ക് ഇതൊരു മാതൃകയാണ്. ഞാനും മുസ്‌ലിമാണ്. എന്നാൽ, മതകാര്യങ്ങൾ കൃത്യമായി പാലിക്കുന്ന വ്യക്തിയല്ല. ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ പല ഇന്റർഫൈെത്ത് കോൺഫ്രൻസുകളിലും പങ്കെടുത്തിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്ത് നല്ലൊരു മാതൃകയാണ് സമർപ്പിക്കുന്നതെന്ന് എനിക്ക് മനസ്സിലായിട്ടുണ്ട്. നിങ്ങൾക്ക് ഇക്കാര്യത്തിൽ വളരെ അഭിമാനിക്കാവുന്നതാണ്.

ഞാൻ നിങ്ങളുടെ ഖലീഫയുടെ ഓരോ വാക്കും സശ്രദ്ധം കേട്ടു. സംഭാഷണ ശൈലിയെ ആഴത്തിൽ നോക്കുകയുണ്ടായി. അദ്ദേഹം തന്റെ പ്രസംഗത്തിൽ ഇസ്‌ലാമിനെ വളരെ നല്ല നിലയിൽ പ്രതിരോധിക്കുകയുണ്ടായി. ഇത് കേവലം അഹ്മദി സഹോദരന്മാർക്കുവേണ്ടി മാത്രമായിരുന്നില്ല. മറിച്ച് സമസ്ത മുസ്‌ലിമീങ്ങൾക്കും വേണ്ടിയുള്ള ഉപദേശമായിരുന്നു. അതായത് നമ്മൾ നമ്മുടെ ജീവിതങ്ങളെ നോക്കേണ്ടതാണ്.

അന്തർദേശീയ ഫ്രീഡം യു.എസിലെ പോലിസ് കമ്മീഷണറായ ഡോക്ടർ വാരിഥ് ഹുസയ്ൻ സാഹിബ് പറയുന്നു: മുമ്പേയും എനിക്ക് ഹുദൂറിന്റെ പ്രസംഗങ്ങൾ കേൾക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. എപ്പോഴും സ്നേഹാനുകമ്പയിലേക്കാണ് അദ്ദേഹം ക്ഷണിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ ഹുദൂറിന്റെ ഈ സന്ദേശം വളരെയധികം അനിവാര്യമാണ്. ഈ സന്ദേശം കേവലം അഹ്മദികൾക്ക് വേണ്ടി മാത്രമല്ല. മറിച്ച് നമ്മളെല്ലാവർക്കും വേണ്ടിയാണ്. ഈ പരിപാടി വളരെയധികം മഹനീയമായതാണ്. വളരെയധികം ആളുകൾ സ്വയം സമർപ്പിതരായി സേവനം ചെയ്യുന്നുണ്ട്. സ്നേഹാനുകമ്പയോടെയാണ് അവർ നമ്മളോടു പെരുമാറുന്നത്. ഇതു തന്നെയാണ് സ്വന്തം സമൂഹത്തിനെ ശക്തിപ്പെടുത്തുന്നത്. അഹ്മദിയ്യാ ജമാഅത്ത് അമേരിക്കയിൽ മാനവികതയ്ക്ക് വളരെ സേവനം നല്കുന്നുണ്ട്. ഫുഡ് ബാങ്കുകൾ തുറക്കുന്നു. പാവപ്പെട്ടവരെ സഹായിക്കുന്നു. ഇത്തരത്തിലുള്ള വ്യക്തികൾ വെർജീനിയയിലുണ്ടെങ്കിൽ അതിനേക്കാൾ സന്തോഷകരമായ കാര്യം മറ്റെന്താണുള്ളത്.

യു.എസ് റിപബ്ലിക്കൻ സ്റ്റേറ്റിലേക്കുള്ള ഒരു സ്ഥാനാർഥിയാണ് കോറി സ്റ്റുവാർട്ട് (Corrie Stuart). അദ്ദേഹം തന്റെ വികാരം ഈ വാക്കുകളിൽ പ്രകടിപ്പിച്ചു:

ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം വളരെയധികം ഹൃദയാവർജകവും യുക്തിനിർഭരവുമായിരുന്നു. അമേരിക്കക്കാരും മുഴു ലോകത്തിലുള്ള ജനതയും, *'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്'* എന്ന സന്ദേശം ശ്രദ്ധയോടെ കേൾക്കേണ്ടതാണ്. ഇതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. പ്രത്യേകിച്ചും ലോകത്തിന്റെ അവസ്ഥകൾ വളരെ മോശമായിരിക്കുന്ന സാഹചര്യത്തിൽ മതപരമായ സ്വാതന്ത്ര്യത്തിന്റെ പ്രചാരണം നടത്തേണ്ടതാണ്. അതുകൊണ്ട് ഈ മസ്ജിദ് നമുക്കേവർക്കും അഭിമാനിക്കാവുന്നതാണ്. കാരണം നിങ്ങൾക്ക് നാട്ടിനുവേണ്ടി ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിയും.

✵ വെർജീനിയയിലെ ഡയറക്ടർ ഓഫ് കമ്യൂണിക്കേഷൻ റോബേർട്ട ഓസ്റ്റർ (Roberta Auster) എന്ന അതിഥി പറയുന്നു:

ഹുദൂറിന്റെ വാക്കുകൾ കേട്ടപ്പോൾ അത് എന്നിൽ വളരെ സ്വാധീനമുണ്ടാക്കി. ഒരു ആത്മീയ വ്യക്തി നമ്മുടെയിടയിൽ പരസ്പരം സ്നേഹിക്കണമെന്നും സാഹോദര്യത്തോടെ കഴിയണമെന്നും മറ്റും പറയുന്ന വിധത്തിലുണ്ടെന്നത് എനിക്ക് വളരെ നല്ലതായി തോന്നി.

ഒരു മഹിള അതിഥി ജെനയ്ൻ ലോസ് (Genine Loss) പറയുന്നു: ഹുദൂർ ആവർത്തിച്ച് മതപരമായ സ്വാതന്ത്ര്യത്തെ കുറിച്ച് പറയുന്നു എന്നതിൽ എനിക്ക് സന്തോഷമുണ്ട്. ലോകത്തിന്റെ ഈ അവസ്ഥകളെ മുന്നിൽവെക്കുമ്പോൾ ഹുദൂറിന്റെ പ്രഭാഷണം വളരെ അനിവാര്യമാണ്. ഈ പരിപാടിയും വളരെ നല്ലതായിരുന്നു. എല്ലാവരും സ്നേഹത്തോടെ പെരുമാറുന്നു.

✵ വെർജീനിയയുടെ സ്റ്റേറ്റ് സ്ഥാനാർഥിയായ മാറ്റ് വാട്ടേഴ്സ്(Matt Waters) പറയുന്നു: ഹുദൂറിന്റെ പ്രഭാഷണം എന്നെ വളരെ സ്വാധീനിച്ചു. ഞാൻ അദ്ദേഹത്തെ കുറിച്ച് കൂടുതൽ പഠിക്കുന്നതാണ്. ഇന്റർനെറ്റിൽ നിന്ന് കൂടുതൽ വിവരങ്ങൾ തേടുന്നതാണ്. കൂടുതൽ ഇസ്‌ലാമിനെ കുറിച്ച് പഠിക്കുന്നതിന് നിങ്ങളുടെ മസ്ജിദിലും വരുന്നതാണ്.

ഒരു ക്രിസ്തീയ അതിഥി ഡേർഷ് ജൊനാഥൻ (Dersh Johnathon) പറയുന്നു: ഹുദൂറിന്റെ പ്രഭാഷണം നിലവിലുള്ള കാലഘട്ടത്തിനനുസരിച്ചുള്ളതാണ്. അത് വളരെ അനിവാര്യമായിരുന്നു. നമ്മൾ സമാധാനത്തിന്റെ സന്ദേശം കേട്ടു. ഞാൻ വളരെ ആകർഷിതനായിരുന്നു. ഹുദൂർ പ്രസംഗത്തിലാസകലം കേവലം ശാന്തി സമാധാനത്തെ കുറിച്ച് മാത്രം സംസാരിച്ചു എന്നത് എന്നെ വിസ്മയിപ്പിച്ചു.

ഒരു മഹിളാ അതിഥി ആൻ ലിറ്റിൽ (Ann Little) പറയുന്നു: ഖലീഫത്തുൽ മസീഹിന്റെ പ്രസംഗം ഉന്നത നിലവാരം പുലർത്തുന്നതായിരുന്നു. ഈ പ്രസംഗം ശ്രവിക്കുമ്പോൾ എന്റെ കണ്ണ് ഈറനണിയുന്നുണ്ടായിരുന്നു. ലോകത്തിന് ഈ സന്ദേശത്തിന്റെ അത്യാവശ്യമാണുള്ളത്.

ഒരു അധ്യാപികയായ അലിസൺ സാഡിൽവെ (Alison Saddelway) പറയുന്നു: ലോകത്ത് സ്നേഹവും ആദരവും വ്യാപിപ്പിക്കണമെന്ന കാര്യം ഹുദൂർ പറഞ്ഞത് എനിക്ക് വളരെ നന്നായി തോന്നി. കാരണം ഞാനും സ്കൂളിൽ കുട്ടികൾക്ക് ഇതു തന്നെയാണ് പഠിപ്പിക്കുന്നത്.

വെർജീനിയ പട്ടണത്തിന്റെ സെനറ്റർ ജെറോമി നിക്‌പൈക്(Jeromy nickpike) പറയുന്നു:

ഇന്ന് ഞാനൊരു കാര്യം പഠിച്ചു. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതാണ് അത്. ഇതേ അധ്യാപനം മുഖേനയാണ് നമ്മൾ നല്ല അയൽവാസിയെ സൃഷ്ടിക്കുന്നത്. വിവിധ സമൂഹങ്ങളെ സൃഷ്ടിക്കുന്നത്. കുട്ടികൾക്ക് സ്കൂളുകളിൽ നല്കുന്ന അധ്യാപനവും ഇതു തന്നെയാണ്.

അമേരിക്കൻ സർക്കാറിനുവേണ്ടി പ്രവർത്തിക്കുന്ന ടോഡ് കെജ്ജി(Todd keggy) എന്ന അതിഥി തന്റെ ഭാര്യയോടൊപ്പമാണ് ഈ പരിപാടിയിൽ പങ്കെടുത്തത്. ഭാര്യ നാൻസി(nancy) പറയുന്നു:

'ഹുദൂറിന്റെ സന്ദേശം അങ്ങേയറ്റം അനിവാര്യമായതാണ്. ഇവിടുത്തേക്ക് മാത്രമല്ല, ഇന്നത്തെ സാഹചര്യത്തിൽ മുഴു ലോകത്തിനും വളരെ നിർബന്ധമാണ്. ഈ സന്ദേശം മുഖേന എനിക്ക് വളരെ പ്രതീക്ഷയും ശക്തിയും ലഭിച്ചു.'

ഒരതിഥി ഈമെലി റീഗൽമാൻ (Emile Rea-


**ഹദീഥുന്നബ്‌വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു, 'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.' (മുസ്‌ലിം)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു: 'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ
Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 28 May 2020 Issue-22

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)


galman) തന്റെ മകൾ ജെന്നിഫറി(Jenifer)നോടൊപ്പമാണ് ഈ പരിപാടിയിൽ പങ്കെടുത്തത്. മകൾ പറയുന്നു:

'ഈ ലോകത്ത് ഏറ്റവും ആവശ്യം ആദരവാണ്. മുസ്‌ലിമാകട്ടെ, യഹൂദിയാകട്ടെ, ഹിന്ദുവാകട്ടെ എല്ലാവർക്കും നിർബന്ധമാണ് പരസ്പരം ആദരവോടെ പെരുമാറുക എന്നത്. ചില നാമമാത്ര മുസ്‌ലിമീങ്ങളുടെ പ്രവൃത്തികൾ കാരണത്താൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇസ്‌ലാമിന്റെ നാമം മോശമായിക്കൊണ്ടിരിക്കുന്നു. എനിക്ക് ഒരു ഉറ്റ സ്നേഹിതയുണ്ട്. ഞാൻ അവരിലേക്കും അവരുടെ കുടുംബത്തിലേക്കും നോക്കുമ്പോൾ ഞാൻ കേവലം സ്നേഹവും ആദരവും മാത്രമാണ് അവിടെ ദർശിക്കുന്നത്.

ന്യൂസ് ഫൗണ്ടേഷനിൽ ജോലി ചെയ്യുന്ന എമിലി ചർച്ചിൽ(EMILY Churchill) പറയുന്നു:

ഈ പരിപാടിയിൽ നിന്ന് ഞാൻ സ്നേഹവും ക്ഷമയും സംബന്ധിച്ച് വളരെയധികം കാര്യങ്ങൾ പഠിച്ചു. ഇന്നത്തെ സാഹചര്യത്തിൽ ഈ സന്ദേശം ഈ രാജ്യത്തിന് വളരെ അനിവാര്യമാണ്. ഈ പ്രദേശങ്ങളിൽ ഇതു സംബന്ധമായി പുരോഗതിയുണ്ടാകുന്നതിൽ എനിക്ക് വളരെ സന്തോഷം തോന്നുന്നു.

ഒരു മഹിള ലൊറൈൻ എക്കാഹാർഡ്(Lorraine Eckahard) പറയുന്നു:

മൂന്ന് വർഷമായി ഞാൻ ഈ പ്രദേശത്തുണ്ട്. ഇവിടുത്തെ മാറുന്ന സാഹചര്യം ഞാൻ കണ്ടിട്ടുണ്ട്. ഈയടുത്ത് നടന്ന ഫയറിംഗ് വളരെ വ്യസനകരമാണ്. ഇത്തരം സാഹചര്യത്തിൽ ഈ മഹനീയ വ്യക്തിത്വത്തിൽനിന്ന് സ്നേഹത്തിന്റേയും സഹവർത്തിത്വത്തിന്റേയും സന്ദേശം അതിമഹത്തായ കാര്യമാണ്. എന്നേയും ഇവിടെ ക്ഷണിക്കപ്പെട്ടതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഇവിടെ വന്നതു കൊണ്ട് എനിക്ക് അഹ്‌മദിയ്യാ ജമാഅത്തിനെ കുറിച്ച് വളരെയധികം കാര്യങ്ങൾ പഠിക്കാൻ അവസരം ലഭിച്ചു. മസ്ജിദ് ഈ പ്രദേശത്ത് ഒരു സുന്ദര കൂടിച്ചേരലാണ്. ഇതിൽനിന്ന് എനിക്ക് ഒരു തരത്തിലുമുള്ള അപകടമില്ല. ഇത് സമ്പൂർണ സമാധാന സ്ഥലമാണ്. ഞാൻ മുസ്‌ലിമല്ല, എന്നിട്ടും ഈ മസ്ജിദിൽ വന്നിരിക്കുന്നു. എനിക്കും ഇവിടെ സ്വാഗതം അരുളപ്പെട്ടിരിക്കുന്നു. ഇതു തന്നെയാണ് നമ്മുടെ സമൂഹത്തിന്റെ ആവശ്യവും. ഇനി ഇവിടെ നിങ്ങൾക്ക് കൂടുതൽ പരിപാടികൾ ഉണ്ടാകുമായിരിക്കും. അതിലും മുസ്‌ലിമീങ്ങളെ കൂടാതെ ഇതര മതവുമായി ബന്ധപ്പെട്ടവരേയും നിങ്ങൾ ക്ഷണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഒരു യഹൂദിയും ഒരു ക്രിസ്തീയ വനിതയുമായ ജൂഡി ലോറൻസും(Judy Lawrence and Jane Pickren) അവരുടെ അനുഭവങ്ങൾ ഇങ്ങനെ പങ്കു വെച്ചു:

ഇതൊരു മഹത്തായ പരിപാടിയായിരുന്നു. സ്നേഹത്തിന്റെ മാത്രം പ്രകടനമായിരുന്നു. ഖലീഫത്തുൽ മസീഹ് പത്ത് പ്രാവശ്യത്തിലധികം തവണ സ്നേഹം എന്ന് പദം ഉപയോഗിച്ചു. ഇത് അത മഹത്തായ ഒരു സന്ദേശമായിരുന്നു. എനിക്ക് ഒരു ലീഫ് ലെറ്റും കിട്ടിയിരുന്നു. ഞാൻ അതും വായിച്ചു. ഇവിടെ വന്ന ഞാൻ പഠിച്ചതെല്ലാം എല്ലാവരും അറിയേണ്ട കാര്യമാണ്. ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിനെ സംബന്ധിച്ച് ജനങ്ങളിൽ വളരെയധികം നിഷേധാത്മക വിചാരങ്ങൾ വ്യാപിച്ചിട്ടുണ്ട്. നമ്മൾ ഇസ്‌ലാമിന്റെ ഈ ദിശയിൽ വളരെ ആകർഷകരാണ്. ഖലീഫത്തുൽ മസീഹ് വളരെ വലിയ വ്യക്തിത്വത്തിന്റെ ഉടമയാണ്. നമുക്ക് നമ്മുടെ വരാനിരിക്കുന്ന തലമുറയെ കുറിച്ച് വേവലാതിപ്പെടേണ്ടതുണ്ടെന്ന അദ്ദേഹത്തിന്റെ വാക്ക് ഈ മസ്ജിദിന്റെ നിർമാണോദ്ദേശ്യത്തിലേക്കും വിരൽ ചൂണ്ടുന്നതാണ്. നിങ്ങൾ വരാനിരിക്കുന്ന തലമുറയുടെ വികാസത്തിനു വേണ്ടി പ്രവർത്തിക്കുന്നവരാണ്. ഹുദൂറിന്റെ പ്രഭാഷണത്തിൽ ഒരു പ്രതീക്ഷയുണ്ടായിരുന്നു. ഞാൻ യഹൂദിയാണ്. എന്റെ സ്നേഹിതൻ ക്രിസ്ത്യാനിയാണ്. എന്നാൽ ഞങ്ങളിവിടെയെത്തി കൂടുതൽ സുരക്ഷിതരായിരിക്കുന്നു. ഇത് വളരെ മഹോന്നതമായ പരിപാടിയായിരുന്നു. അഹ്‌മദിയ്യാ ജമാഅത്തിനെ കുറിച്ച് ഞാൻ ലൈബ്രറിയിൽനിന്നാണ് പരിചയപ്പെട്ടത്. അവിടെ ഞാൻ വോട്ടിംഗിനുവേണ്ടി വോളന്റിയർ ആകാൻ വേണ്ടി പോയതായിരുന്നു. അവിടെ വളരെ അഭിമാനത്തോടെ അഹ്‌മദി മുസ്‌ലിമീങ്ങളാണെന്ന് പ്രകടിപ്പിച്ചു കൊണ്ടിരുന്ന ചില വനിതകളെ കണ്ടു മുട്ടി. ശേഷം അവർ തങ്ങളെ പരിചയപ്പെടുത്തി. കുറച്ച് സൗജന്യ പുസ്തകങ്ങൾ നല്കി. പിന്നീട് തുടർന്നും ഞാൻ ബന്ധപ്പെടാൻ ആഗ്രഹിക്കുന്നുണ്ടോ എന്ന് ചോദിച്ചു കൊണ്ടുള്ള ഒരു ഫാറം നല്കി. അതിൽ ഞാൻ സന്തോഷത്തോടെ ഒപ്പിട്ടു. ഈ ഒപ്പ് എനിക്ക് ഇടാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷവതിയാണ്. കാരണം ഇതേ കാരണത്താലാണ് ഈ പരിപാടിയിൽ പങ്കെടുക്കാൻ എനിക്ക് ക്ഷണം ലഭിച്ചതും ഈ മഹനീയ സന്ദേശം കേൾക്കാൻ കഴിഞ്ഞതും. ലോകത്തിന് ഈ സന്ദേശത്തിന്റെ വളരെ ആവശ്യമുണ്ട്. ലോകത്ത് വെറുപ്പ് വളരെയധികമാണ്. ഈ മസ്ജിദ് വളരെ മഹത്തായതാണ്. സമൂഹത്തിന് ഇതൊരു ക്രിയാത്മക ചേരുവയാണ്. ഇതു മുഖേന ലോകർക്ക് മുസ്‌ലിമീങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് കൂടുതൽ അറിവ് ലഭിക്കും. നിങ്ങളെ കണ്ടിട്ട് ഞങ്ങൾ വളരെ ആകർഷിതരായിരിക്കുന്നു. ഇത് വളരെ നല്ലൊരു ജമാഅത്താണ്. ഓരോരുത്തരും വളരെ നല്ല രീതിയിലാണ് പെരുമാറിയത്. വളരെ സൗഹൃദമായ അന്തരീക്ഷമായിരുന്നു. വളരെ നല്ല രീതിയിലാണ് ഞങ്ങൾ ഇവിടെ സമയം ചെലവഴിച്ചത്.

❋ ഒരതിഥി അലെക്സ് കേയിഷ് (Alex Keiseh) പറയുന്നു: ഞാൻ വളരെ ആകർഷിതനാണ്.ഒരു ഹോളോകോസ്റ്റ് സർവൈവറിൽ(Holocaust Survivor) നിന്ന് രക്ഷപെട്ട് വന്ന വ്യക്തി എന്ന നിലയിൽ എനിക്കിത് വളരെ വൈകാരികമായിരുന്നു. ഹുദൂറിന്റെ സന്ദേശം വളരെ സ്വാധീനം ഉളവാക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ ഓരോ വാക്കും എന്റെ ആത്മാവിനെ സ്വാധീനിക്കുന്നുണ്ടായിരുന്നു. വെറുപ്പോടുകൂടി നമുക്ക് ഏറ്റുമുട്ടാൻ കഴിയില്ല എന്ന വളരെ യുക്തിഭദ്രമായ സന്ദേശമായിരുന്നു ഹുദൂറിന്റേത്. വെറുപ്പിനെ നീക്കുന്നതിന് ഒരേയൊരു മാർഗമേയുള്ളുവെന്നും അതിനു വേണ്ടി സ്നേഹം ലോകത്ത് സ്ഥാപിക്കാനുള്ള ജിഹാദിൽ ഏർപ്പെടുക എന്നതാണ് അത്. സ്നേഹംകൊണ്ട് വെറുപ്പിനെ അവസാനിപ്പിക്കുക. ഈ സ്നേഹം എല്ലാ മതങ്ങൾക്കുമിടയിൽ സൃഷ്ടിക്കേണ്ടതുണ്ട്. ഇത്തരം സ്നേഹത്തിന്റെ എണ്ണമറ്റ ഉദാഹരണങ്ങൾ നമ്മുടെ സമൂഹത്തിൽ നിലവിലുണ്ട്; നിങ്ങളുടെ ഈ പ്രോഗ്രാം പോലെയുള്ളവ. എന്നാൽ, ഇക്കാലഘട്ടത്തിൽ മീഡിയയിൽ കണ്ടു വരുന്നത് ഒരു ചെറു സംഘത്തിന്റേത് മാത്രമാണ്. അവർ വഴിപിഴച്ചു പോയ ഘടകമാണ്. മീഡിയ അതിനെ പർവതീകരിച്ച് കാണിക്കുന്നു. ഇതിനു പകരമായി നമുക്ക് പ്രത്യക്ഷ സ്നേഹം വ്യാപിപ്പിക്കേണ്ടതുണ്ട്. ഇതേ സന്ദേശവുമായാണ് ഹുദൂർ വന്നിട്ടുള്ളത്. നമ്മൾ ഈ സന്ദേശത്തേയും ഇസ്‌ലാമിന്റെ യഥാർഥ ചിത്രത്തേയും ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കേണ്ടതുണ്ട്.'

(തുടരും)

## ബദ്ർ ആഴ്ചപ്പതിപ്പ് സ്വയം വായിക്കുക; തങ്ങളുടെ സുഹൃത്തുക്കൾക്കുവേണ്ടി വരിക്കാരാകുക.

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുതആലാ ബിനസ്രിഹിൽ അസീസ് ബദ്ർ ആഴ്ചപ്പതിപ്പിന്റെ സ്പെഷ്യൽ പതിപ്പിലേക്ക് സന്ദേശം അയച്ചുകൊണ്ട് പറഞ്ഞു: ''ജമാഅത്തംഗങ്ങളുടെ ആത്മീയ പരിഷ്കരണത്തിനും അഭിവൃദ്ധിക്കുംവേണ്ടിയാണ് ബദ്ർ ആഴ്ചപ്പതിപ്പ് ആരംഭിച്ചിട്ടുള്ളതെന്ന് അതിന്റെ പ്രവർത്തകരും വായനക്കാരും എപ്പോഴും ഓർക്കേണ്ടതാണ്. നമ്മുടെ പൂർവിക മഹാത്മാക്കൾ പ്രതികൂലാവസ്ഥയിലും അത് തുടർന്നുകൊണ്ടുവരാൻ ആത്മാർഥമായി ശ്രമിച്ചു. അവരുടെ ദുആകളുടേയും തെളിമയാർന്ന ശ്രമങ്ങളുടേയും അനുഗ്രഹത്താൽ ഇന്നുവരെ അത് നടന്നുവരുന്നു. ഇക്കാര്യം വിളിച്ചോതുന്നത് ഏറ്റവും കൂടുതൽ അഹ്‌മദികൾ അത് വായിക്കണമെന്നും പ്രയോജനപ്പെടുത്തണമെന്നുമാണ്. അല്ലാഹു അവന്റെ കൃപകൊണ്ട് ഭാരതത്തിലെ അഹ്‌മദികൾക്ക് മറ്റു ലോകഅഹ്‌മദികളെ അപേക്ഷിച്ച് പ്രത്യേകമായും ഇത് വായിക്കാനും ഇതുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കാനും സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.''

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ (അയ്യദഹുല്ലാഹ്) സുപ്രധാനവും ഉൾക്കാഴ്ചാഭരിതവുമായ മേൽനിർദേശത്തിന്റെ വെളിച്ചത്തിൽ, ഓരോ വീട്ടിലും ബദ്ർ ആഴ്ചപ്പതിപ്പിന്റെ വായന നടപ്പിൽ വരുത്തേണ്ടത് അനിവാര്യമാണെന്ന് ഭാരതത്തിലെ ജമാഅത്തംഗങ്ങളെ ഓർമിപ്പിക്കുകയാണ്. ഇതിൽ വിശുദ്ധഖുർആൻ, തിരുഹദീഥ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദേശങ്ങൾക്കു പുറമെ ഖലീഫത്തുൽ മസീഹിന്റെ ജുമുഅ ഖുത്ബകളും പ്രഭാഷണങ്ങളും അതുപോലെതന്നെ അവിടന്ന് വിവിധരാജ്യങ്ങളിൽ നടത്തുന്ന പര്യടനങ്ങളുടെ ഹൃദ്യവും ഈമാൻ ദൃഢീകരിക്കുന്നതുമായ റിപ്പോർട്ടുകളും കൃത്യമായി പ്രസിദ്ധീകരിച്ചുവരുന്നു. ഇതു വായിക്കേണ്ട ത് ഓരോ അഹ്‌മദിക്കും നിർബന്ധമാണ്. ദൈവകൃപയാൽ ഇപ്പോൾ ഈ ആഴ്ചപ്പതിപ്പ് ഹിന്ദി, ബംഗ്ല, തമിൾ, തെലുങ്ക്, മലയാളം, ഒഡിയ ഭാഷകളിൽ പ്രസിദ്ധീകരിച്ചുവരുന്നു. ഇതുവരെ വരിക്കാരായിട്ടില്ലാത്ത അഹ്‌മദികൾ, വരിക്കാരാകുകയും സ്വയം വായിക്കുകയും കുട്ടികളേയും വീട്ടിലെ മറ്റുള്ളവരേയും വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്. ബദ്ർ ആഴ്ചപ്പതിപ്പ് ലഭ്യമാകുന്നതിനേയും വരിസംഖ്യ നല്കുന്നതിനേയും സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. +911872224757, +919417020616, managerbadrqnd@gmail.com


Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin